24
2025
ഒക്ടോബർ
വെള്ളി
തുലാം 7

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No. 267 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-267 പേജ് 4. വില 2.00 രൂപ


02 എൻജിനീയറിങ് കോളേജുകളിൽ റിസർച്ച് പാർക്കുകൾ സ്ഥാപിക്കുന്നത് പരിഗണനയിൽ

03 തിരുവനന്തപുരം അടുത്ത സിംഗപ്പൂർ ആകാനുള്ള സാധ്യതയുമുണ്ടെന്ന് അദാനി പോർട്ട്

04 രാജ്യത്തെ മുൻനിര വ്യവസായ കേന്ദ്രമാക്കി കേരളത്തെ മാറ്റാൻ 'വിഷൻ 2031'

# പി എം ശ്രീ പദ്ധതിയിൽ ഒപ്പുവച്ച് കേരളവും

## നീക്കം സിപിഐയുടെ എതിർപ്പ് അവഗണിച്ച്



തിരുവനന്തപുരം : കേന്ദ്രസർക്കാരിന്റെ വിദ്യാഭ്യാസ പദ്ധതിയായ 'പിഎം ശ്രീ'യിൽ സംസ്ഥാന സർക്കാർ ഒപ്പുവച്ചു. സിപിഐയുടെ എതിർപ്പ് മറികടന്നാണ് തീരുമാനം. എൽഡിഎഫോ മന്ത്രിസഭയോ ചർച്ച ചെയ്യാത്ത വിഷയം സ്വന്തം നിലയ്ക്കു നടപ്പാക്കാൻ വിദ്യാഭ്യാസ വകുപ്പു തീരുമാനിച്ചതിനെതിരെ മന്ത്രിസഭാ യോഗത്തിൽ സിപിഐ മന്ത്രിമാർ വിയോജിപ്പ് അറിയിച്ചിരുന്നു.

ഗുണനിലവാരമുള്ള വിദ്യാഭ്യാസമെന്നപേരിൽ 2023 27 വർഷത്തേക്ക് പ്രഖ്യാപിച്ച കേന്ദ്രപദ്ധതി പിഎം ശ്രീ അഥവാ പ്രധാൻ മന്ത്രി സ്കൂൾസ് ഫോർ റെസിങ് ഇന്ത്യ. പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുക്കുന്ന സ്കൂളുകളിൽ കേന്ദ്ര വിദ്യാഭ്യാസ നയവും കേന്ദ്രസിലബസും നടപ്പാക്കണം. എൻ.ഇ.പി.യുടെ പുരോഗതിയും പി.എംശ്രീ സ്കൂൾ എന്ന ബോർഡും പ്രധാന മന്ത്രിയുടെ ചിത്രവും ഈ സ്കൂളിൽ പ്രദർശിപ്പിക്കണം.ദേശീയവിദ്യാഭ്യാസനയത്തിന്റെ പ്രചാരണത്തിനും നടത്തിപ്പിനുമായി കൊണ്ടുവന്നതാണെന്ന് ആരോപിച്ച് കേരളമടക്കമുള്ള പ്രതിപക്ഷം ഭരിക്കുന്ന സംസ്ഥാനങ്ങൾ പദ്ധതിയോട് തുടക്കത്തിലേ മുഖം തിരിച്ചു. അതോടെ ഈ സംസ്ഥാനങ്ങൾക്ക് ഫണ്ട് നൽകാതെ കേന്ദ്രം തിരിച്ചടിച്ചു. അതോടെ സാമ്പത്തിക ബാധ്യതയിൽ വീർപ്പുമുട്ടിയ കേരളം തീരുമാനം മാറ്റി. മന്ത്രിസഭയെയും എൽഡിഎഫിനെയും മറികടന്ന്, ഫണ്ട് മാത്രം ലക്ഷ്യം വെച്ച് സർക്കാർ പദ്ധതിയിൽ ഒപ്പുവെയ്ക്കാനൊരുങ്ങിയെന്ന ആരോപണമുയർന്നു. സിപിഐ പരസ്യമായി എതിർപ്പ് അറിയിച്ചു. ഇടതുമുന്നണിയിൽ തർക്കം രൂക്ഷമായി. പരസ്യമായി ബിനോയ് വിശ്വവും മന്ത്രിസഭായോഗത്തിൽ കെ രാജനും കടുത്ത പ്രതിഷേധമുയർത്തി. എന്നാല് വഴങ്ങേണ്ടതില്ലെന്ന നിലപാടിലാണ് സിപിഎം.

പദ്ധതിയുടെ ഭാഗമായാൽ കേരളം ഉയർത്തിപ്പിടിക്കുന്ന ബദൽ രാഷ്ട്രീയ സമീപനം ഇല്ലാതാകുമോ എന്ന് ആശങ്കയുണ്ടെന്നായിരുന്നു സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം പറ!ഞ്ഞത്. എന്നാൽ, സിപിഐ ഭരിക്കുന്ന കൃഷിവകുപ്പ് അടക്കം കേന്ദ്ര ബ്രാൻഡിങ്ങിനു വഴങ്ങി ഫണ്ട് വാങ്ങിയെന്ന ന്യായമാണ് സിപിഎം നേതാവും വിദ്യാഭ്യാസ മന്ത്രിയുമായ വി. ശിവൻകുട്ടി ഉന്നയിച്ചത്.

## കേന്ദ്ര ഫണ്ട് വാങ്ങുന്നതിൽ തെറ്റില്ല, പക്ഷേ ബിജെപിയുടെ അജണ്ട നടപ്പിലാക്കാൻ പാടില്ല: വി. ഡി. സതീശൻ

പാലക്കാട്: പിഎം ശ്രീ പദ്ധതിയിൽ കേന്ദ്ര ഫണ്ട് വാങ്ങുന്നതിൽ തെറ്റില്ലെന്ന് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. എന്നാൽ ബിജെപിയുടെ വർഗീയ അജണ്ട നടപ്പിലാക്കാൻ പാടില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. നരേന്ദ്ര മോദിയുടെ വീട്ടിൽ നിന്നല്ല കേന്ദ്ര ഫണ്ട് നൽകുന്നത്. കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിൽ തങ്ങൾ അധികാരത്തിൽ വരുന്നതിന് മുമ്പാണ് പിഎം ശ്രീ പദ്ധതി നടപ്പാക്കിയതെന്നും സതീശൻ വ്യക്തമാക്കി. അതേസമയം, വിഷയത്തിൽ സിപിഐയെ പരിഹസിച്ച സതീശൻ, എന്തിനാണ് നാണംകെട്ട് എൽഡിഎഫിൽ നിൽക്കുന്നതെന്ന് ചോദിച്ചു. ഏതു സിപിഐ എന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദൻ ചോദിച്ചത് ചൂണ്ടിക്കാട്ടിയായിരുന്നു സതീശന്റെ പരാമർശം.

അതേസമയം, സിപിഐയെ മുന്നണിയിലേക്ക് ക്ഷണിക്കുന്നില്ലെന്നും സതീശൻ പറഞ്ഞു. എൻഡിഎയിൽ നിന്നും എൽഡിഎഫിൽ നിന്നും നിരവധിപാർട്ടികൾ യുഡിഎഫിലേക്ക് വരാനായി കാത്തു നിൽക്കുന്നുണ്ട്. എന്നാൽ നിലവിൽ ചർച്ചകൾ നടത്തിയിട്ടില്ലെന്നും പ്രതിപക്ഷ നേതാവ് വ്യക്തമാക്കി.

## സഭയെ പരിഗണിക്കാത്ത രാഷ്ട്രീയ പാർട്ടികളെ തിരിച്ചറിയാനുള്ള ബുദ്ധി കത്തോലിക്കർക്കുണ്ട്: ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ

പാലാ: സമുദായത്തോട് രാഷ്ട്രീയ പാർട്ടികൾ കാണിക്കുന്ന അനീതി തിരിച്ചറിയാനും സഭയ്ക്കെതിരായ അവഗണനകൾക്ക് മറുപടി നൽകാൻ കത്തോലിക്ക സഭയ്ക്ക് അറിയാമെന്നും സിറോ മലബാർ സഭ മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ.

അവഗണനകൾക്ക് മറുപടി നൽകാനുള്ള ജനാധിപത്യത്തിന്റെ ഏറ്റവും വലിയ പരീക്ഷണശാലയാണ് അടുത്തുവരുന്നത്. സഭയെ പരിഗണിക്കാത്ത രാഷ്ട്രീയ പാർട്ടികളെ തിരിച്ചറിയാനുള്ള ബുദ്ധി കത്തോലിക്കർക്കുണ്ട്.

ഏതേലും രാഷ്ട്രീയ കക്ഷിക്ക് വോട്ടു ചെയ്യണമെന്ന് പറഞ്ഞ് സഭ വിശ്വാസികളിൽ സമ്മർദം ചെലുത്താറില്ലെന്നും ബിഷപ് പറഞ്ഞു. പാലായിൽ നടന്ന കത്തോലിക്ക കോൺഗ്രസിന്റെ അവകാശ സംരക്ഷണ യാത്രയിലായിരുന്നു ആർച്ച് ബിഷപ്പിന്റെ മുന്നറിയിപ്പ്.

## ഇന്ത്യയുടെ പ്രതിരോധ ശക്തി വർദ്ധിപ്പിക്കാൻ 79,000 കോടിയുടെ ആയുധങ്ങൾ

ന്യൂഡൽഹി: രാജ്യത്തിന്റെ പ്രതിരോധ ശക്തി വർദ്ധിപ്പിക്കുന്നതിനായി 79,000 കോടി രൂപയുടെ സൈനിക ഉപകരണങ്ങൾ വാങ്ങാൻ ഇന്ത്യ.

മൂന്ന് സായുധ സേനകളുടെയും ആക്രമണ ശേഷിയും കരുത്തും വർദ്ധിപ്പിക്കുകയാണ് ലക്ഷ്യം. പ്രതിരോധ മന്ത്രി രാജ്നാഥ് സിങിന്റെ അധ്യക്ഷതയിൽ ചേർന്ന ഡിഫൻസ് അകിസിഷൻ കൗൺസിൽ (ഡിഎസി) യോഗം മൂന്ന് സേനാ വിഭാഗങ്ങൾക്കുമായി നിർണ്ണായക സംവിധാനങ്ങൾ വാങ്ങുന്നതിന് അംഗീകാരം നൽകി.

ട്രാക്കുകളോടു കൂടിയ നാഗ് മിസൈൽ സംവിധാനം വാങ്ങാനുള്ള നിർദ്ദേശത്തിന് ഡിഎസി അംഗീകാരം നൽകി. ജിബിഎംഇഎസ് എന്ന് വിളിക്കപ്പെടുന്ന കര അധിഷ്ഠിത മൊബൈൽ ഇലിന്റ് സിസ്റ്റങ്ങൾ, ക്രെയ്നുകളുള്ള ഹൈമൊബിലിറ്റി വാഹനങ്ങൾ എന്നിവ വാങ്ങുന്നതിനും അനുമതി നൽകി.

നാമിസ് നാഗ് മിസൈൽ സംവിധാനം ശത്രുക്കളുടെ യുദ്ധ വാഹനങ്ങൾ, ബങ്കറുകൾ, മറ്റ് പ്രതിരോധ സംവിധാനങ്ങൾ എന്നിവ തകർക്കാനുള്ള കരസേനയുടെ ശേഷി വർദ്ധിപ്പിക്കും. ശത്രുക്കളുടെ സിഗ്നലുകൾ 24 മണിക്കൂറും നിരീക്ഷിക്കാനും തന്ത്രപരമായ വിവരങ്ങൾ ശേഖരിക്കാനും ജിബിഎംഇഎസ് സഹായിക്കും.

ഹൈമൊബിലിറ്റി വാഹനങ്ങളുടെ വരവ് വിവിധ ഭൂപ്രദേശങ്ങളിൽ സേനയ്ക്കുള്ള ലോജിസ്റ്റിക്സ് പിന്തുണ ഗണ്യമായി മെച്ചപ്പെടുത്തുമെന്നും സർക്കാർ പ്രസ്താവനയിൽ പറയുന്നു.

ലാൻഡിങ് പ്ലാറ്റ്ഫോം ഡോക്കുകൾ (എൽപിഡി), 30 എംഎം നേവൽ സർഫസ് ഗൺ, അഡ്വാൻസ്ഡ് ലൈറ്റ്വെയ്റ്റ് ടോർപ്പിഡോ, ഇലക്ട്രോഒപ്റ്റിക്കൽ ഇൻഫ്രാറെഡ് സെർച്ച് ആൻഡ് ട്രാക്ക് സിസ്റ്റം, 76 എംഎം സൂപ്പർ റാപ്പിഡ് ഗൺ മൗണ്ടിനുള്ള സ്മാർട്ട് വെടിക്കോപ്പുകൾ എന്നിവ നാവികസേനയുടെ വാങ്ങൽ പട്ടികയിൽ ഉൾപ്പെടുന്നു.

കര, വ്യോമ സേനകളുമായി ചേർന്ന് സംയുക്ത ആക്രമണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഇന്ത്യൻ നാവികസേനയ്ക്ക് ലാൻഡിങ് പ്ലാറ്റ്ഫോം ഡോക്കുകൾ വളരെ ഉപയോഗപ്രദമാകും. ഡിഫൻസ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഓർഗനൈസേഷന്റെ (ഡിആർഡിഒ) നേവൽ സയൻസ് ആൻഡ് ടെക്നോളജിക്കൽ ലബോറട്ടറി തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ഒരു സംവിധാനമാണ് അഡ്വാൻസ്ഡ് ലൈറ്റ്വെയ്റ്റ് ടോർപ്പിഡോ. ഇതിന് പരമ്പരാഗത, ആണവ, മിഡ്ജറ്റ് അന്തർവാഹിനികളെ ലക്ഷ്യമിടാൻ കഴിയും. 30 എംഎം നേവൽ സർഫസ് ഗണ്ണുകൾ നാവികസേനയുടെയും ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെയും ശേഷി വർദ്ധിപ്പിക്കും.

വ്യോമസേനയുടെ നിർദ്ദേശങ്ങളിൽ കൊളാബറേറ്റീവ് ലോങ് റേഞ്ച് ടാർഗെറ്റ് സാച്ചുറേഷൻ/ഡിസ്ട്രക്ഷൻ സിസ്റ്റം (ഇഘഞാട/ ഉട) വാങ്ങുന്നതിന് ഡിഎസി അനുമതി നൽകി. ദൗത്യമേഖലയിൽ സ്വയം ടേക്ക്ഓഫ് ചെയ്യാനും, ലാൻഡ് ചെയ്യാനും, നാവിഗേറ്റ് ചെയ്യാനും, ലക്ഷ്യം കണ്ടെത്താനും ഈ സംവിധാനത്തിന് കഴിയും.

## റോസ്ഗർ മേള ഇന്ന് തിരുവനന്തപുരത്ത്; കേന്ദ്ര സഹമന്ത്രി ശ്രീ ജോർജ് കുര്യൻ മുഖ്യാതിഥിയാകും

തിരുവനന്തപുരം: ദേശീയ തല റോസ്ഗർ മേളയുടെ ഭാഗമായി തപാൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് ഇന്ന് തൊഴിൽ മേള സംഘടിപ്പിക്കുന്നു. പരിപാടിയിൽ കേന്ദ്ര ന്യൂനപക്ഷകാര്യ, ഫിഷറീസ്, മൃഗസംരക്ഷണ വകുപ്പ് സഹമന്ത്രി ശ്രീ ജോർജ് കുര്യൻ മുഖ്യാതിഥിയാകും. തൈക്കാട് രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിൽ രാവിലെ 10 മണിക്ക് നടക്കുന്ന ചടങ്ങിൽ കേന്ദ്ര ഗവൺമെന്റിനു കീഴിലെ വിവിധ സ്ഥാപനങ്ങളിൽ നിയമനം ലഭിച്ച ഉദ്യോഗാർഥികൾക്കുള്ള നിയമന ഉത്തരവുകൾ കേന്ദ്ര സഹമന്ത്രി കൈമാറും.

കോഴിക്കോട് ജില്ലയിൽ കുന്നമംഗലം പെരിങ്ങലം സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ് (ഇണഞളഇ), ൽ രാവിലെ 10 ന് നടക്കുന്ന തൊഴിൽമേളയിൽ കേന്ദ്ര ജലശക്തി, റെയിൽവേ മന്ത്രാലയ സഹമന്ത്രി ശ്രീ വി. സോമണ്ണ നിയമന കത്തുകൾ വിതരണം ചെയ്യും.

തൊഴിൽരഹിതരായ യുവാക്കൾക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ നൽകുന്നതിനായി രാജ്യത്തുടനീളം റോസ്ഗർ മേളകൾ സംഘടിപ്പിക്കുന്നു. തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതിന് ഉയർന്ന മുൻഗണന നൽകുന്ന പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡിയുടെ പ്രതിബദ്ധതയുടെ പൂർത്തീകരണത്തിലേക്കുള്ള ഒരു ചുവടുവെപ്പാണ് തൊഴിൽ മേള. യുവാക്കളുടെ ശാക്തീകരണത്തിനും രാഷ്ട്രനിർമ്മാണത്തിൽ അവരുടെ പങ്കാളിത്തത്തിനും അർത്ഥവത്തായ അവസരങ്ങൾ നൽകുന്നതിൽ റോസ്ഗർ മേളകൾ പ്രധാന പങ്ക് വഹിക്കുന്നു.



## പട്ടം എസ് യു ടി ആശുപത്രിയിൽ 'അന്താരാഷ്ട്ര അണുബാധ പ്രതിരോധ വാരാചരണം

തിരുവനന്തപുരം: എസ് യു ടി ആശുപത്രിയിൽ അന്താരാഷ്ട്ര അണുബാധ പ്രതിരോധ വാരം ആചരിച്ചു. ആശുപത്രിയുടെ മാനേജിംഗ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ കേണൽ രാജീവ് മണ്ണാളി പരിപാടി ഉദ്ഘാടനം ചെയ്യുകയും രോഗികളുടെ സുരക്ഷയിലും ആരോഗ്യ സംരക്ഷണത്തിലും മികവ് പുലർത്തുന്നതിൽ അണുബാധ നിയന്ത്രണത്തിന്റെ പ്രാധാന്യത്തെപ്പറ്റി ഉദ്ഘാടന പ്രസംഗത്തിൽ എടുത്തുപറയുകയും ഉണ്ടായി. ആശുപത്രിയുടെ മെഡിക്കൽ സൂപ്രണ്ട് ഡോ. രാജശേഖരൻ നായർ വി (എച്ച്ഒഡി ഒബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജി), ഡോ. എം ഉണ്ണികൃഷ്ണൻ (സീനിയർ വാസ്കുലർ സർജൻ), രാധാകൃഷ്ണൻ നായർ (ചീഫ് ലെയ്സൺ ഓഫീസർ), റെയ്ച്ചലമ്മ ജേക്കബ് (നഴ്സിംഗ് സൂപ്രണ്ട്) എന്നിവർ ആശംസകൾ അർപ്പിച്ചു. ഡോ. ഷറീഖ് പി എസ് (എച്ച്ഒഡി ഇൻഫെക്ഷൻ പ്രിവെൻഷൻ ആന്റ് കൺട്രോൾ ഡിപ്പാർട്ട്മെന്റ്), ജോ ലോറൻസ് (ഇൻഫെക്ഷൻ പ്രിവെൻഷൻ ആന്റ് കൺട്രോൾ ഡിപ്പാർട്ട്മെന്റ്), വിവിധ വകുപ്പുകളിലെ ജീവനക്കാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ച ക്വിസ്, ഡ്രോയിംഗ് മത്സരങ്ങളിലെ വിജയികൾക്ക് സമ്മാനങ്ങൾ നൽകി. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ പ്രാധാന്യം ഉയർത്തിപ്പിടിച്ച ജീവനക്കാർക്ക് മൊമന്റോ വിതരണവും പരിപാടിയിൽ ഉൾപ്പെടുത്തി.



# സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാറ്റത്തിന്റെ വാഹകരാകണം; മന്ത്രി ഡോ. ആർ. ബിന്ദു

## എൻജിനീയറിങ് കോളേജുകളിൽ റിസർച്ച് പാർക്കുകൾ സ്ഥാപിക്കുന്നത് പരിഗണനയിൽ

സംസ്ഥാനത്തെ നൂതന വിജ്ഞാന സമ്പദ്ഘടനയായി ഉയർത്തുന്നതിന് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാറ്റങ്ങളുടെയും മുന്നേറ്റങ്ങളുടെയും വാഹകരാകണമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു. സംസ്ഥാനത്തിന്റെ സമ്പദ്ഘടന കെട്ടിപ്പടുക്കുന്നതിനും സാമ്പത്തിക അടിത്തറ വിപുലീകരിക്കുന്നതിനും സർക്കാർ അനവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. അതിൽ സാങ്കേതിക വിദ്യാഭ്യാസ മേഖലയ്ക്ക് സുപ്രധാന പങ്ക് വഹിക്കാനുണ്ട്. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന കേരള ടെക്നിക്കൽ എജുക്കേഷൻ എൻഹാൻസ്മെന്റ് സമ്മിറ്റ് (KTEES 2025) ടാഗോർ തിയേറ്ററിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.സാങ്കേതിക വിദ്യയാൽ നയിക്കപ്പെടുന്നതാണ് ഇന്നത്തെ ലോകം. നാലാം വ്യാവസായിക വിപ്ലവത്തിന്റെ ഈ കാലത്ത് ഡിജിറ്റൽ വിപ്ലവം കൂടുതൽ ഗതിവേഗം ആർജ്ജിക്കുകയും, മനുഷ്യജീവിതത്തിന്റെ സുപ്രധാന മേഖലകളിലെല്ലാം ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സർവ്വാധിപത്യം നിഴലിക്കുകയും ചെയ്യുന്ന സാഹചര്യമാണിത്. ഇത്തരം വെല്ലുവിളികളെ ആത്മവിശ്വാസത്തോടെ അഭിസംബോധന ചെയ്യാൻ കഴിയുന്ന ഒരു ജനതയെ രൂപപ്പെടുത്തിയെടുക്കാൻ സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് സവിശേഷ ശ്രദ്ധ നൽകണം. കേരളത്തിന്റെ സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചുള്ള ആലോചനകൾക്കായി വിവിധ കോൺക്ലേവുകളും സെമിനാറുകളും സംഘടിപ്പിക്കുകയും വിഷൻ ഡോക്യുമെന്റുകൾ തയാറാക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ വർഷം നടത്തിയ 'ഉദ്യമ' കോൺക്ലേവിന്റെ ഭാഗമായി അക്കാദമിയ-ഇൻഡസ്ട്രി-ഗവൺമെന്റ് ഇന്റർഫേസ് സംബന്ധിച്ച വിശദമായ ആലോചനകൾ നടക്കുകയും, ഇതിന്റെ ഫലമായി ദീർഘകാല പരിപ്രേക്ഷ്യത്തോടെയുള്ള ഒരു ഡോക്യുമെന്റ് തയ്യാറാക്കുകയും ചെയ്തു.

സൈദ്ധാന്തികമായ അറിവന്വേഷണങ്ങളെ പ്രയോഗത്തിന്റെ രൂപത്തിലേക്ക് മാറ്റി സമൂഹത്തിന് ഉപകാരപ്രദമായ ഉൽപ്പന്നങ്ങളും പ്രക്രിയകളും സേവനങ്ങളും നൽകാൻ പ്രതിജ്ഞാബദ്ധരായ സാങ്കേതിക വിദ്യാലയങ്ങളാണ് വേണ്ടത്. അതിനാൽ, ട്രാൻസ്ലേഷണൽ റിസർച്ചിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള സമീപനമാണ് കേരളം മുന്നോട്ട് കൊണ്ടുപോകുന്നത്. ചരിത്രത്തിലാദ്യമായി ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് സമഗ്രവും എല്ലാ ഫലങ്ങളെയും സ്പർശിക്കുന്നതുമായിട്ടുള്ള കാലാനുസൃതമായ കരിക്കുലം തയ്യാറാക്കാൻ സാധിച്ചിട്ടുണ്ട്. ഒരു ഭാഗത്ത് വിജ്ഞാനാധിഷ്ഠിത തൊഴിലവസരങ്ങൾ മനസ്സിലാക്കിയുള്ള തൊഴിൽ ആഭിമുഖ്യവും തൊഴിൽ ക്ഷമതയും വർദ്ധിപ്പിക്കുക, സംരംഭകത്വ താല്പര്യങ്ങൾ വർദ്ധിപ്പിച്ച് വരുമാനദായകമായ സംരംഭങ്ങൾ തുടങ്ങാൻ പ്രോത്സാഹനം നൽകുക. മറുവശത്ത്, നാടിന് വേണ്ടുന്ന പുതിയ അറിവുകൾ സൃഷ്ടിച്ചു നൽകുന്ന ഗവേഷണോന്മുഖ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് കരിക്കുലം പരിഷ്കരണത്തിൽ നടപ്പാക്കുന്നതെന്ന് മന്ത്രി പറഞ്ഞു.എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോടും അനുബന്ധമായി ഇന്നവേഷൻ, ഇൻക്യുബേഷൻ, സ്റ്റാർട്ടപ്പ് അന്തരീക്ഷം ഉയർത്തിക്കൊണ്ടു വരേണ്ടതുണ്ട്. ക്യാമ്പസിലിരിക്കുമ്പോൾ തന്നെ വിദ്യാർത്ഥിക്ക് തൊഴിലിലേക്ക് പോകാൻ കഴിയുന്ന പ്രവർത്തിപരിചയം ഉൾപ്പെടെ നൽകണം. ചെയ്തു പഠിക്കാനുള്ള അവസരം നൽകുന്ന എക്സ്പീരിയൻഷ്യൽ ലേണിങ് സമീപനങ്ങൾ ശക്തിപ്പെടുത്തണം. വിദ്യാർത്ഥികളുടെ നൂതനാശയങ്ങൾ ഏറ്റെടുക്കുകയും പേറ്റന്റ് ഉൾപ്പെടെ നേടി വിപണിയുമായി ബന്ധപ്പെടുത്തുകയും ചെയ്യുന്ന കാര്യങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകാൻ കേരള നോളജ് ഇക്കോണമി മിഷൻ (ഗഗഌങ), കെ-ഡിസ്ക്, കേരള സ്റ്റാർട്ടപ്പ് മിഷൻ തുടങ്ങിയ നിരവധി സർക്കാർ ഏജൻസികൾ ഇന്ന് സജ്ജമാണ്.പോളിടെക്നിക്കുകളോട് ചേർന്ന് ഈ സർക്കാർ ആരംഭിച്ച 'ഇൻഡസ്ട്രി ഓൺ ക്യാമ്പസ്' വളരെ മനോഹരമായ ഒരു ആശയമാണ്. ഇത് എല്ലാ സ്ഥാപനങ്ങളും ഏറ്റെടുത്താൽ നല്ലൊരു മാതൃകയായിരിക്കും. 'കണക്ട് കരിയർ ടു ക്യാമ്പസ്' പദ്ധതിയുടെ ഭാഗമായി കേരള സ്റ്റാർട്ടപ്പ് മിഷൻ 500-ൽ പരം ടെക്നോ ബിസിനസ് ഇൻക്യുബേറ്റേഴ്സ് വിവിധ കലാലയങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾ ഒരു സ്റ്റാർട്ടപ്പ് സംരംഭം തുടങ്ങാൻ തയ്യാറാകുമ്പോൾ അവർക്ക് തൊഴിൽ ദായകരായും തൊഴിൽ സൃഷ്ടാക്കളായും മാറാൻ സാധിക്കുന്നു. സ്കിൽ ഗ്യാപ്പ് നികത്തി കാര്യപ്രാപ്തിയുള്ള തൊഴിലന്വേഷകരാക്കാൻ വിവിധ പ്ലാറ്റ്ഫോമുകൾ സജീവമായി നൽകുന്നുണ്ട്. ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ പോലും സ്കിൽ കോഴ്സുകൾക്ക് ക്രെഡിറ്റ് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.എൻജിനീയറിങ് മേഖലയിൽ റിസർച്ചിന് വലിയ പ്രാധാന്യമുള്ള ഈ ഘട്ടത്തിൽ, ബി.ടെക് പഠനം കഴിഞ്ഞാൽ തൊഴിൽ എന്നതിലുപരിയായി ഗവേഷണ താല്പര്യമുള്ള വിദ്യാർത്ഥികളെ ഗവേഷണ പ്രവർത്തനങ്ങളിലേക്ക് നയിക്കണം. ഐഐടിക്ക് സമാനമായ രീതിയിൽ പ്രധാനപ്പെട്ട എൻജിനീയറിങ് കോളേജുകളിൽ റിസർച്ച് പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്. നിലവിൽ കെടിയു നിർദ്ദിഷ്ട ക്യാമ്പസിനോട് ചേർന്ന് 50 ഏക്കർ സ്ഥലത്ത് 'ട്രസ്റ്റ് പാർക്ക്' പ്രവർത്തിക്കുന്നുണ്ട്. സമാന മാതൃകയിൽ മറ്റ് കോളേജുകളിലും റിസർച്ച് പാർക്കുകൾ തുടങ്ങാനാകണം. കൂടാതെ, ടെക്നിക്കൽ ഹൈസ്കൂളുകളിൽ പഠനം പൂർത്തിയാക്കുന്ന കുട്ടികൾക്ക് ടെക്നിക്കൽ ഹയർ സെക്കൻഡറികൾ ഉണ്ടാകണം എന്നുള്ള ജനകീയ ആവശ്യം ടെക്നിക്കൽ എജുക്കേഷൻ ഡയറക്ടറേറ്റ് ഗൗരവപൂർണ്ണമായി പരിഗണിക്കുകയാണെന്നും മന്ത്രി പറഞ്ഞു. വിദ്യാർത്ഥികൾക്ക് പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കിക്കൊടുത്ത്, അവരുടെ ജിജ്ഞാസയെ പ്രോത്സാഹിപ്പിച്ച്, അവരെ ജ്ഞാനോൽപാദകരാക്കി മാറ്റാനുള്ള ഫെസിലിറ്റേറ്റർമാരായി കൂടെ നിൽക്കാനുള്ള ചുമതല സ്ഥാപന മേധാവികൾക്കും അധ്യാപകർക്കുമുണ്ട്. ഇക്കാര്യങ്ങൾ നല്ല നിലയിൽ ഏറ്റെടുത്താൽ മാത്രമേ ഭാവി ഉയർത്തുന്ന വെല്ലുവിളികൾ ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ എന്നും മന്ത്രി കൂട്ടിച്ചേർത്തു.ദേശീയതലത്തിൽ മികച്ച നേട്ടം കൈവരിച്ച സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ എൻജിനീയറിങ് - പോളിടെക്നിക്ക് കോളേജുകളെ ചടങ്ങിൽ ആദരിച്ചു. എൻ ബി എ അംഗീകാരം നേടിയ 60 എൻജിനീയറിങ് കോളേജുകൾക്കും 12 പോളിടെക്നിക് കോളേജുകൾക്കുമുള്ള മിനിസ്റ്റേഴ്സ് എക്സലൻസ് അവാർഡ്, എൻ എസ് എസ് ടെക്നിക്കൽ സെൽ സ്റ്റേറ്റ് അവാർഡ്, നാറ്റ്പാക് റോഡ് സേഫ്റ്റി അവാർഡ്, കേരള ടെക്നിക്കിൽ എഡ്യൂക്കേഷൻ അവാർഡ് എന്നിവ മന്ത്രി വിതരണം ചെയ്തു. നവംബറിൽ സംഘടിപ്പിക്കുന്ന ഇ-വേസ്റ്റ് നിർമ്മാർജ്ജന ക്യാമ്പയിനിന്റെ പോസ്റ്റർ പ്രകാശനവും മന്ത്രി നിർവ്വഹിച്ചു.ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫ് അധ്യക്ഷത വഹിച്ചു. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ഡോ. പി ജയപ്രകാശ്, സംസ്ഥാന തല ക്വാളിറ്റി അഷ്വറൻസ് സെൽ ഡയറക്ടർ ഡോ. എം എ ലാൽ, കേപ്പ് ഡയറക്ടർ ഡോ താജുദീൻ അഹമ്മദ്, കെ ടി യു ഡീൻ ഡോക്ടർ വിനു തോമസ്, എൽ ബി എസ് ഡയറക്ടർ ഡോ. അബ്ദുൾ റഹ്മാൻ, ഇന്സ്ടിട്യൂഷൻ ഓഫ് എൻജിനീയേഴ്സ് ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എൻജിനീയേഴ്സ് ചെയർമാൻ ഡോ. മനോജ് ബി എസ്, സംസ്ഥാന എൻ എസ് എസ് ഓഫീസർ ഡി ദേവിപ്രിയ, ഐ ഐ ഐ സി ജോയിന്റ് ഡയറക്ടർ ഡോ. ആർ ആശാലത, തുടങ്ങിയവർ സന്നിഹിതരായി.



കേരള ടെക്നിക്കൽ എജുക്കേഷൻ എൻഹാൻസ്മെന്റ് സമ്മിറ്റ് മന്ത്രി ഡോ. ആർ ബിന്ദു ഉദ്ഘാടനം ചെയ്യുന്നു

# പൊറോട്ടയും ബീഫും പരാമർശം; എൻ.കെ. പ്രേമചന്ദ്രൻ എംപിക്കെതിരെ പരാതി നൽകി ബിന്ദു അമ്മിണി

കോഴിക്കോട്: ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് എൻ.കെ. പ്രേമചന്ദ്രൻ എംപി നടത്തിയ പരാമർശത്തിനെതിരെ പരാതി നൽകി ബിന്ദു അമ്മിണി. കൊയിലാണ്ടി പോലീസിനാണ് ബിന്ദു അമ്മിണി പരാതി നൽകിയത്.

പൊറോട്ടയും ബീഫും നൽകി രഹന ഫാത്തിമയെയും ബിന്ദു അമ്മിണിയെയും ശബരിമലയിൽ എത്തിച്ച പിണറായി സർക്കാർ വിശ്വാസത്തെ വികലമാക്കി എന്നും അതേ പിണറായി വിജയൻറെ നേതൃത്വത്തിലുള്ള ആഭ്യന്തര വകുപ്പും ആൾക്കാരുമാണ് പമ്പയിൽ ആഗോള അയ്യപ്പ സംഗമം നടത്തിയത് എന്നുമായിരുന്നു എൻ.കെ. പ്രേമചന്ദ്രൻറെ പ്രസ്താവന. ഈ പ്രസ്താവന തെറ്റാണെന്നും അധിക്ഷേപകരം ആണെന്നും തൻറെ അന്തസിനും പ്രശസ്തിക്കും കളങ്കം വരുത്തുന്നതാണെന്നും ബിന്ദു അമ്മിണി പോലീസിൽ നൽകിയ പരാതിയിൽ പറയുന്നു.

പാലായിലെ ഗസ്റ്റ് ഹൗസിലോ കോട്ടയം പോലീസ് ക്ലബ്ബിലോ പോയിട്ടില്ലെന്നും തൻറെ പേരിനൊപ്പം രഹന ഫാത്തിമയുടെ പേര് നൽകിയത് ഒരു മുസ്ലിം വനിതയുടെ നാമം തൻറെ പേരിനൊപ്പം ചേർക്കണം എന്ന ദുരുദ്ദേശത്തോട് കൂടിയാണെന്നും ഇതിനുശേഷം താൻ വലിയ രീതിയിലുള്ള അധിക്ഷേപങ്ങളും സോഷ്യൽ മീഡിയ ആക്രമണവും നേരിടുന്നു എന്നും ബിന്ദു അമ്മിണിയുടെ പരാതിയിൽ പറയുന്നു.

മതസൗഹാർദ്ദം തകർക്കുക കൂടി ലക്ഷ്യമിട്ടാണ് അദ്ദേഹത്തിൻറെ പരാമർശം, ഷെഡ്യൂൾഡ് കാസ്റ്റിൽ പെട്ട ഒരാളെ കരുതിക്കൂട്ടി അപമാനിക്കുക എന്നൊരു ഉദ്ദേശവും അദ്ദേഹത്തിൻറെ വാക്കുകൾക്കുണ്ടെന്നും ബിന്ദുവിൻറെ പരാതിയിലുണ്ട്.എൻ.കെ. പ്രേമചന്ദ്രൻ നിയമബിരുദധാരിയാണെന്നും തൻറെ വാക്കുകളുടെ പരിണിതഫലം അറിയാതെ അല്ല അദ്ദേഹത്തിൻറെ പരാമർശം എന്നും പരാതിയിൽ പറയുന്നുണ്ട്. ഭരണഘടന മൂല്യങ്ങൾ സംരക്ഷിക്കേണ്ട ഒരു പാർലമെൻറ് അംഗത്തിൽ നിന്നുണ്ടായ പരാമർശത്തിനെതിരെ കേസെടുക്കണമെന്നും ആവശ്യപ്പെട്ടാണ് ബിന്ദു അമ്മിണി കൊയിലാണ്ടി പോലീസിൽ പരാതി നൽകിയിട്ടുള്ളത്.

# ഹരിതചട്ടം പാലിച്ചില്ലെങ്കിൽ കർശന നടപടി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

തദ്ദേശപൊതുതിരഞ്ഞെടുപ്പിന്റെ പ്രചാരണത്തിനുള്ള അച്ചടിസാമഗ്രികളുടെ വിതരണത്തിലും ഉപയോഗത്തിലും പ്രകൃതിക്ക് ദോഷകരമായ വസ്തുക്കൾ ഉപയോഗിക്കുന്നവർക്കെതിരെ കർശനനടപടി സ്വീകരിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ പറഞ്ഞു. തിരഞ്ഞെടുപ്പിൽ പാലിക്കേണ്ട ഹരിതചട്ടങ്ങളെക്കുറിച്ച് വിശദീകരിക്കാൻ വിളിച്ചു ചേർത്ത അച്ചടിസാമഗ്രികളുടെ വിതരണക്കാരുടെയും ഡീലർമാരുടെയും പ്രിന്റർമാരുടെയും സംഘടനാ പ്രതിനിധികളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്ന കമ്മീഷണർ.

ബാനറുകൾ, ബോർഡുകൾ, കൊടിതോരണങ്ങൾ എന്നിവ പ്രിന്റ് ചെയ്യുന്നവരും ഡീലർമാരും നിയമപരമായി അംഗീകരിക്കപ്പെട്ട പുനഃചക്രമണം ചെയ്യാൻ കഴിയുന്നപരിസ്ഥിതി സൗഹൃദ വസ്തുക്കൾ മാത്രമേ ഉപയോഗിക്കുന്നുള്ളൂവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. എല്ലാ അച്ചടി പ്രചാരണ സാമഗ്രികളിലും പ്രിന്ററുടെയും പ്രസാധാകന്റെയും പേരും, എത്ര കോപ്പി അച്ചടിക്കുന്നുവെന്നിതിന്റെയും വിവരങ്ങളും ഉണ്ടെന്ന് ഉറപ്പുവരുത്തണം. പ്രകൃതി സൗഹൃദപരവും മാലിന്യമുക്തവും സമ്പൂർണമായ ഹരിതചട്ടം പാലിച്ചുമുള്ള തിരഞ്ഞെടുപ്പ് സാധ്യമാക്കുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ചു.പൊതു തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് ഉണ്ടാകുന്ന മാലിന്യം തരം തിരിച്ച് ശേഖരിച്ച്, ശാസ്ത്രീയ സംസ്കരണം ഉറപ്പാക്കാനും എല്ലാവർക്കും ഒരുപോലെ ഉത്തരവാദിത്വമുണ്ടെന്ന് യോഗത്തിൽ പങ്കെടുത്ത ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ യു.വി.ജോസ് അഭിപ്രായപ്പെട്ടു. യോഗത്തിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ബി.എസ്.പ്രകാശ്, മലിനീകരണ നിയന്ത്രണ ബോർഡ് എൻവയോൺമെന്റൽ എൻജിനിയർ ബിൻസി.ബി.എസ്, ശുചിത്വമിഷൻ പിആർ കൺസൾട്ടന്റ് പി.എസ്.രാജശേഖരൻ, ട്രെയ്നിങ് പ്രോഗ്രാം ഓഫീസർ അമീർഷാ.ആർ.എസ് തുടങ്ങിയവർ പങ്കെടുത്തു.

# കേരളം രാജ്യത്തിന് മാതൃകയെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു

പാലാ സെൻറ് തോമസ് കോളജ് പ്ലാറ്റിനം ജൂബിലി സമാപനച്ചടങ്ങിൽ രാഷ്ട്രപതി ദ്രൗപതി മുർമു സംസാരിക്കുന്നു.കോട്ടയം: സാക്ഷരതയിലും വിദ്യാഭ്യാസത്തിലും ഒന്നാമതുള്ള കേരളം രാജ്യത്തിന് മാതൃകയെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. പാലാ സെന്റ് തോമസ് കോളജ് പ്ലാറ്റിനം ജൂബിലി സമാപനച്ചടങ്ങിൽ സംസാരിക്കവേയാണ് കേരളത്തിന് രാഷ്ട്രപതിയുടെ പ്രശംസ. 21-ാം നൂറ്റാണ്ട് 'വിജ്ഞാന നൂറ്റാണ്ട്' എന്നാണ് വിശേഷിപ്പിക്കപ്പെടുന്നതെന്ന് രാഷ്ട്രപതി പറഞ്ഞു. നവീകരണത്തിന് ഊർജ്ജം പകരുന്ന അറിവ് സമൂഹത്തെ മുന്നോട്ട് നയിക്കുകയും സ്വയംപര്യാപ്തമാക്കുകയും ചെയ്യുന്നു. സാക്ഷരതയുടെയും വിദ്യാഭ്യാസത്തിന്റെയും വിജ്ഞാനത്തിന്റെയും ശക്തി, നിരവധി മാനവ വികസന സൂചികകളിൽ മുൻനിര സംസ്ഥാനങ്ങളിലൊന്നായിരിക്കാൻ കേരളത്തെ പ്രാപ്തമാക്കിയെന്നും രാഷ്ട്രപതി അഭിപ്രായപ്പെട്ടു.പ്രസംഗത്തിൽ കോട്ടയത്തിനും രാഷ്ട്രപതി കോട്ടയം രാജ്യത്തിന് നൽകിയ സംഭാവനകളും എടുത്തുപറഞ്ഞു. എളിമയാർന്ന ജീവിത സാഹചര്യങ്ങളിൽ നിന്ന് രാഷ്ട്രപതി വരെയായ കെ ആർ നാരായണൻ പാലായ്ക്ക് തൊട്ടടുത്തുള്ള ഗ്രാമത്തിലാണ് ജനിച്ചത്. സാമൂഹികവും വിദ്യാഭ്യാസപരവുമായ പരിവർത്തനങ്ങളുടെ മഹത്തായ അധ്യായങ്ങൾക്ക് ഈ നഗരം സാക്ഷ്യം വഹിച്ചിട്ടുണ്ടെന്ന് രാഷ്ട്രപതി പറഞ്ഞു. 'വൈക്കം സത്യാഗ്രഹം' എന്ന് പ്രശസ്തമായ, അയിത്തോച്ചാടനത്തിനായുള്ള മഹത്തായ സമരം നൂറു വർഷം മുൻപ് നടന്നത് കോട്ടയത്താണ്. സാക്ഷരതയുടെയും വിദ്യാഭ്യാസത്തിന്റെയും ഉറവിടമായിരുന്നതുകൊണ്ട് ഇത് 'അക്ഷരനഗരി' എന്ന് അറിയപ്പെടുന്നു. ഈ പ്രദേശത്തെ ജനങ്ങൾ വളരെ സജീവമായ പങ്ക് വഹിച്ച പ്രവർത്തനങ്ങളിലൂടെയാണ് 'സാക്ഷര കേരളം' പ്രസ്ഥാനം ശക്തിപ്പെട്ടത്. ഗ്രന്ഥശാലാ പ്രസ്ഥാനത്തിലൂടെ പഠനം പ്രോത്സാഹിപ്പിക്കാനുള്ള പി.എൻ. പണിക്കരുടെ മഹത്തായ സംരംഭത്തിന് പ്രചോദനമായത് 'വായിച്ചു വളരുക' എന്ന വളരെ ലളിതവും എന്നാൽ ശക്തവുമായ സന്ദേശമാണെന്നും രാഷ്ട്രപതി പറഞ്ഞു.വികസനത്തിന്റെയും വളർച്ചയുടെയും അവസരങ്ങൾ കണ്ടെത്തുന്നതിനുള്ള താക്കോലാണ് വിദ്യാഭ്യാസമെന്ന് രാഷ്ട്രപതി പറഞ്ഞു. പ്രധാനമായും ഗ്രാമപ്രദേശങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെയാണ് സെന്റ് തോമസ് കോളേജ് സ്ഥാപിച്ചത്. 75 വർഷമായി ഈ പ്രശംസനീയമായ ലക്ഷ്യം കോളേജ് നിറവേറ്റുന്നുണ്ടെന്നതിൽ അവർ സന്തോഷം പ്രകടിപ്പിച്ചു.

സെന്റ് തോമസ് കോളേജ് പോലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിധികൾ രൂപപ്പെടുത്തുന്ന സ്ഥാപനങ്ങളാണെന്ന് രാഷ്ട്രപതി പറഞ്ഞു. സമഗ്രമായ പഠനത്തിനും സാമൂഹിക നീതിക്കും ഊന്നൽ നൽകുന്നതിലും, സുസ്ഥിരതയുടെയും എല്ലാവരെയും ഉൾക്കൊള്ളുന്നതിന്റെയും മൂല്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലും അവർ സന്തോഷം പ്രകടിപ്പിച്ചു. ധാർമ്മികമായ ദിശാബോധത്തോടെ ബൗദ്ധികമായ അന്വേഷണങ്ങളെ കോളേജ് പ്രോത്സാഹിപ്പിക്കുന്നുണ്ടെന്നും അവർ ചൂണ്ടിക്കാട്ടി.വ്യക്തിപരവും സാമൂഹികവുമായ പുരോഗതിയിലേക്കുള്ള പാത പ്രകാശിപ്പിക്കുന്നത് വിദ്യാഭ്യാസത്തിന്റെ വെളിച്ചമാണെന്ന് രാഷ്ട്രപതി അടിവരയിട്ടു പറഞ്ഞു. വിദ്യാഭ്യാസത്തിന്റെ വെളിച്ചം പ്രചരിപ്പിക്കുന്നതിൽ സെന്റ് തോമസ് കോളേജിന്റെ പ്രയത്നങ്ങളെ അവർ പ്രശംസിച്ചു. സെന്റ് തോമസ് കോളേജ് ഗുണമേന്മയുള്ള വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നത് തുടരുമെന്നും, അതുവഴി കൂടുതൽ സമത്വപൂർണ്ണമായ ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിനും 2047-ഓടെ ഒരു വികസിത ഭാരതം യാഥാർഥ്യമാക്കുന്നതിനും സംഭാവന നൽകുമെന്നും അവർ വിശ്വാസം പ്രകടിപ്പിച്ചു.

## ഭൂ പതിവിനുള്ള വരുമാന പരിധി വർദ്ധിപ്പിച്ചു - റവന്യൂ മന്ത്രി

സൗജന്യമായി ഭൂമി പതിച്ചു നൽകുന്നതിനുള്ള വരുമാന പരിധി നിലവിലുള്ള ഒരു ലക്ഷം രൂപയിൽ നിന്നും രണ്ടര ലക്ഷം രൂപയായി വർദ്ധിപ്പിച്ചതായി റവന്യൂ മന്ത്രി കെ രാജൻ അറിയിച്ചു. ദീർഘകാലമായുള്ള ജനങ്ങളുടെ ഒരു ആവശ്യമാണ് ഇതോടെ നിറവേറ്റപ്പെട്ടത്. 2013 ലാണ് വരുമാന പരിധി ഒരു ലക്ഷം രൂപയായി നിശ്ചയിച്ചത്.

കേരളത്തിലെ ജീവിത നിലവാരം അനുസരിച്ച് ഒരു ലക്ഷം രൂപ വാർഷിക വരുമാന പരിധി എന്നത് വളരെ കുറവായതിനാൽ, ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ വാർഷിക വരുമാനം ഉള്ളവർക്ക് കമ്പോള വില ഒടുക്കി മാത്രമേ ഭൂമി പതിച്ചു നൽകാൻ കഴിയുമായിരുന്നുള്ളൂ. ഒരു ലക്ഷം രൂപ പരിധി രണ്ടര ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതോടെ പതിനായിരക്കണക്ക് ഗുണഭോക്താക്കൾക്ക് വളരെ സഹായകമാകും. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രണ്ടേകാൽ ലക്ഷം പട്ടയങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത്. ദീർഘകാലമായി സർക്കാർ ഭൂമി കൈവശം വച്ചും വീടുവച്ച് താമസിച്ചും വരുന്ന നിർധന കുടുംബങ്ങൾക്ക് സൗജന്യ ഭൂമി പതിവിന് വരുമാന പരിധി ഒരു തടസമായ സാഹചര്യത്തിലാണ് ചട്ട ഭേദഗതിക്ക് റവന്യൂമന്ത്രി നിർദ്ദേശം നൽകിയത്. ചരിത്രപരമായ ഈ തീരുമാനം കൂടി നടപ്പിലാകുന്നതോടെ റവന്യൂ വകുപ്പിൽ ഈ സർക്കാർ നടപ്പിലാക്കുന്ന ഒൻപതാമത്തെ ഭേദഗതിയാണിത്.

## കേന്ദ്ര സർക്കാരിന്റെ കായിക ബഹുമതികൾക്കായി അപേക്ഷിക്കാം

കേന്ദ്ര സർക്കാരിന്റെ കായിക ബഹുമതികൾക്കായി രാഷ്ട്രീയ ഖേൽ പ്രോത്സാഹൻ പുരസ്കാർ, അർജുന അവാർഡ്, ദ്രോണാചാര്യ അവാർഡ് എന്നിവയ്ക്കായി ക്ഷണിച്ചു. അപേക്ഷകൾ 28ന് രാത്രി 11.59ന് മുമ്പ് സമർപ്പിക്കണം. വിശദ വിവരങ്ങൾക്ക്: sportsawards.moyas@gov.in.

## ഈ മാസത്തെ ക്ഷേമ പെൻഷൻ 27 മുതൽ; 62 ലക്ഷം പേർക്ക് 1,600 രൂപവീതം

തിരുവനന്തപുരം: ഒക്ടോബറിലെ സാമൂഹ്യസുരക്ഷ ക്ഷേമനിധി പെൻഷനുകൾ 27 മുതൽ വിതരണം ചെയ്യും. ഇതിനായി 812 കോടി അനുവദിച്ചതായും ധനമന്ത്രി കെ.എൻ. ബാലഗോപാൽ അറിയിച്ചു.62 ലക്ഷത്തോളം പേർക്കാണ് 1600 രൂപവീതം ക്ഷേമ പെൻഷൻ ലഭിക്കുന്നത്. 26.62 ലക്ഷം പേരുടെ ബാങ്ക് അക്കൗണ്ടിൽ തുക എത്തും. മറ്റുള്ളവർക്ക് സഹകരണ ബാങ്കുകൾ വഴി വീട്ടിലെത്തി പെൻഷൻ കൈമാറും. 8.46 ലക്ഷം പേർക്ക് ദേശീയ പെൻഷൻ പദ്ധതിയിലെ കേന്ദ്ര വിഹിതം കേന്ദ്ര സർക്കാരാണ് നൽകേണ്ടതെന്നും ഇതിനാവശ്യമായ 24. 21 കോടി രൂപയും സംസ്ഥാനം മുൻകൂർ അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

ഈ വിഹിതം കേന്ദ്ര സർക്കാരിൻറെ പിഎഫ്എംഎസ് സംവിധാനം വഴിയാണ് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യേണ്ടത്. ഈ സർക്കാർ ഇതുവരെ 43,653 കോടി രൂപയാണ് ക്ഷേമ പെൻഷൻ വിതരണത്തിനായി ചെലവിട്ടതെന്നും മന്ത്രി അറിയിച്ചു.

## കർഷക കടാശ്വാസ കമ്മീഷൻ സിറ്റിംഗ്

സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ ഒക്ടോബർ 28, 29, 30 തീയതികളിൽ ഇടുക്കി ചെറുതോണിയിലുള്ള ജില്ലാ വ്യാപാരഭവനിൽ കർഷകരുടെ സിറ്റിംഗ് നടത്തും. ചെയർപേഴ്സൺ ജസ്റ്റിസ് (റിട്ട.) കെ. അബ്രഹാം മാത്യുവും കമ്മീഷൻ അംഗങ്ങളും പങ്കെടുക്കും. രാവിലെ 9 ന് സിറ്റിംഗ് ആരംഭിക്കും. ഹിയറിംഗിന് ഹാജരാകുവാൻ നോട്ടീസ് ലഭിച്ചവർ ആവശ്യമായ രേഖകൾ സഹിതം കൃത്യ സമയത്ത് ഹാജരാകണം.

# തിരുവനന്തപുരം അടുത്ത സിംഗപ്പൂർ ആകാനുള്ള സാധ്യതയുമുണ്ടെന്ന് അദാനി പോർട്ട്

## വ്യവസായ വകുപ്പിൻറെ വിഷൻ 2031 സെമിനാറിൽ വിവിധ വിഷയങ്ങളിൽ സെഷനുകൾ

തിരുവനന്തപുരം: വിമാനത്താവളവും തുറമുഖവും അടുത്തടുത്തായി സ്ഥിതി ചെയ്യുന്നതു കൊണ്ട് തലസ്ഥാനത്തിന് അടുത്ത സിംഗപ്പൂർ ആകാനുള്ള എല്ലാ സാധ്യതകളും ഉണ്ടെന്നും അതിനായി യത്നിക്കണമെന്നും വിഴിഞ്ഞം പോർട്സ് പ്രൈവറ്റ് ലിമിറ്റഡ് സിഇഒ പ്രദീപ് ജയരാമൻ പറഞ്ഞു.

രാജ്യത്ത് എവിടെയെങ്കിലും സിംഗപ്പൂർ മാതൃകയിൽ വളരുന്നതിന് യഥാർത്ഥ സാധ്യതയുള്ള നഗരം ഉണ്ടെങ്കിൽ അത് തിരുവനന്തപുരം മാത്രമാണെന്ന് സംസ്ഥാന സർക്കാരിൻറെ വിഷൻ 2031 സെമിനാറിൻറെ ഭാഗമായി കഴക്കൂട്ടത്ത് നടന്ന 'റോഡ്മാപ്പ് ഫോർ റെസ്പോൺസിബിൾ ഗ്രോത്ത് ആൻഡ് ഇന്നൊവേഷൻ' എന്ന വിഷയത്തിൽ നടന്ന പാനൽ സെഷനിൽ അദ്ദേഹം അഭിപ്രായപ്പെട്ടു.

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെൻറ് കോർപ്പറേഷൻ (കെഎസ്ഐഡിസി), കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിഐപി), കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെൻറ് കോർപ്പറേഷൻ (കിൻഫ്ര) എന്നിവയുടെ സഹകരണത്തോടെ വ്യവസായ വാണിജ്യ വകുപ്പാണ് പരിപാടി സംഘടിപ്പിച്ചത്. വ്യവസായ വാണിജ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് സെഷൻ മോഡറേറ്റ് ചെയ്തു.

വിമാനത്താവളവും തുറമുഖവും മുപ്പത് മിനിറ്റ് ദൈർഘ്യത്തിനുള്ളിൽ സ്ഥിതിചെയ്യുന്ന ഏക സ്ഥലം തിരുവനന്തപുരമാണ്. രാജ്യത്ത് മറ്റെവിടെയും ഇങ്ങനെയൊന്നില്ല, ലോകത്ത് തന്നെ ഇത്തരത്തിൽ ഒന്നോ രണ്ടോ സ്ഥലങ്ങൾ മാത്രമാണുള്ളത്. അതിനാൽ തന്നെ എയർ-സീ കാർഗോ ഗതാഗത രംഗത്ത് തലസ്ഥാനത്തിന് വിപുലമായ സാധ്യതകളുണ്ടെന്നും അത് പരമാവധി പ്രയോജനപ്പെടുത്താൻ തങ്ങൾ ആഗ്രഹിക്കുന്നതായും പ്രദീപ് ജയരാമൻ പറഞ്ഞു.

വിഴിഞ്ഞം തുറമുഖത്തിൻറെ രണ്ടാം ഘട്ടത്തിൽ 800 മീറ്റർ ബർത്ത് നിർമ്മാണം ആരംഭിക്കും. തുടർന്ന് 1200 മീറ്റർ കൂടി വർധിപ്പിച്ച് രണ്ട് കിലോമീറ്റർ നീളമുള്ള നേരിട്ടുള്ള ബർത്ത് സജ്ജമാക്കും. ഇത് രാജ്യത്തെ ഏറ്റവും നീളമുള്ള ബർത്തുകളിലൊന്നായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

സംസ്ഥാനത്തിൻറെ വ്യവസായ നയവും സൗഹൃദ കാലാവസ്ഥയും നിക്ഷേപങ്ങൾക്ക് അനുയോജ്യമാണ്. മൾട്ടി-കാർഗോ കൈകാര്യം ചെയ്യുന്നതിൻറെ ശേഷി വർധിപ്പിക്കുന്നതിനായി തങ്ങൾ കൂടുതൽ നിക്ഷേപം നടത്തുമെന്നും അദ്ദേഹം വ്യക്തമാക്കി. സംസ്ഥാനത്ത് ലോജിസ്റ്റിക് പാർക്കുകൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതി അവസാനഘട്ടത്തിലാണെന്നും അദ്ദേഹം പറഞ്ഞു.

വിഴിഞ്ഞം തുറമുഖത്തിൻറെ ഒന്നാം ഘട്ടം പൂർത്തിയായതോടെ നിലവിലെ ശേഷി 120-130 ശതമാനം വരെ ഉയർന്നിട്ടുണ്ടെന്നും ഇത് തുറമുഖത്തിൻറെയും സ്ഥലത്തിൻറെയും ശേഷി പ്രകടമാക്കുന്നതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.


വിവിധ സംസ്ഥാനങ്ങളിൽ കമ്പനി വിപുലീകരിക്കുന്നതിൻറെ ഭാഗമായി കേരളത്തിൽ 500 കോടി രൂപയുടെ നിക്ഷേപം നടത്തുമെന്ന് കെയ്ൻസ് ടെക്നോളജീസ് സിഇഒ രമേശ് കണ്ണൻ പറഞ്ഞു.

പെരുമ്പാവൂരിൽ ഒരു ലക്ഷം ചതുരശ്രയടി വിസ്തീർണമുള്ള അത്യാധുനിക ഇലക്ട്രോണിക് അസംബ്ലി യൂണിറ്റ് സ്ഥാപിക്കും. മൂന്നാം ഘട്ടം പൂർത്തിയാകുമ്പോൾ ഏകദേശം 4000 എഞ്ചിനീയർമാർ അവിടെ ജോലി ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു. വിഷൻ 2031 യാഥാർത്ഥ്യമാക്കുന്നതിന് വ്യവസായം, അക്കാദമിക് മേഖല, ധനകാര്യ സ്ഥാപനങ്ങൾ, സംരംഭകർ എന്നിവരുടെ ഏകോപനം ഉറപ്പാക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.സ്റ്റാർട്ടപ്പുകൾക്കായി വിവിധ പദ്ധതികൾ നടപ്പാക്കുമെന്ന് ബിപിസിഎൽ ചെയർമാനും എംഡിയുമായ സഞ്ജയ് ഖന്ന പറഞ്ഞു.മറ്റ് സംസ്ഥാനങ്ങളിൽ നിർമ്മാണ യൂണിറ്റുകൾ ഉണ്ടെങ്കിലും തൻറെ കമ്പനി എല്ലാ വർഷവും കേരളത്തിൽ നിക്ഷേപം നടത്താറുള്ളതായി വെസ്റ്റേൺ ഇന്ത്യ എംഡി മായൻ മുഹമ്മദ് പറഞ്ഞു. നിക്ഷേപങ്ങൾ ആകർഷിക്കാൻ സംസ്ഥാനത്ത് കൂടുതൽ വ്യവസായ പാർക്കുകൾ അനിവാര്യമാണെന്നും പറഞ്ഞു.

പാലക്കാട് നടപ്പാക്കാനിരിക്കുന്ന ഇൻഡസ്ട്രി സ്മാർട്ട് സിറ്റി പദ്ധതിയിലൂടെ കേരളത്തിൻറെ വ്യവസായ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ സംഭവിക്കുമെന്ന് കിൻഫ്ര എംഡി സന്തോഷ് കോശി തോമസ് പറഞ്ഞു. നവംബർ 15 ന് പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുമെന്നും 42 മാസത്തിനുള്ളിൽ പൂർത്തിയാക്കുമെന്നും അദ്ദേഹം പറഞ്ഞു.

കെഎസ്ഐഡിസി എക്സിക്യൂട്ടീവ് ഡയറക്ടർ ഹരികൃഷ്ണൻ ആർ കെഎസ്ഐഡിസിയുടെ വിവിധ പദ്ധതികൾ ചടങ്ങിൽ വിവരിച്ചു.'പവറിംഗ് കേരളാസ് നെക്സ്റ്റ് ഇൻഡസ്ട്രിയൽ ലീപ്പ്' എന്ന വിഷയത്തിൽ നടന്ന മറ്റൊരു സെഷനിൽ കെൽട്രോൺ ചെയർമാൻ എൻ നാരായണമൂർത്തി, ബിപിടി എക്സിക്യുട്ടീവ് ചെയർമാൻ അജിത് കുമാർ കെ, കെൽട്രോൺ എംഡി വൈസ് അഡ്മിറൽ ശ്രീമുമാർ നായർ (റിട്ട) എന്നിവർ പങ്കെടുത്തു. വ്യവസായ വകുപ്പ് ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ആനി ജൂല തോമസ് മോഡറേറ്ററായിരുന്നു.'മൈക്രോ ടു മൈറ്റി: റിഇമാജിനിംഗ് എംഎസ്എംഇ ഫോർ കേരളാസ് ഇൻഡസ്ട്രിയൽ ഫ്യൂച്ചർ' എന്ന വിഷയത്തിൽ നടന്ന സെഷനിൽ സിഐഐ കേരള ചെയർമാൻ വി കെ സി റസാഖ്, അഗാപ്പെ ഡയഗ്നോസ്റ്റിക്സ് എംഡി തോമസ് ജോൺ, കെഎസ്എസ്ഐഎ സംസ്ഥാന കൗൺസിൽ പ്രസിഡൻറ് എ നിസാറുദ്ദീൻ, കേരള വ്യാപാര വ്യവസായി ഏകോപന സമിതി പ്രസിഡൻറ് അപ്സര രാജു, ക്രെഡായി-കേരള ചെയർമാൻ റോയ് പീറ്റർ, കേരള വ്യാപാരി വ്യവസായി സമിതി സെക്രട്ടറി ഇ എസ് ബിജു എന്നിവർ പങ്കെടുത്തു. കെഎസ്ഐഡിസി എക്സിക്യൂട്ടീവ് ഡയറക്ടർ ഹരികൃഷ്ണൻ ആർ മോഡറേറ്ററായിരുന്നു.

'ലെഗസി ഇൻഡസ്ട്രീസ്, ന്യൂ വാല്യൂ ചെയിൻസ് 2031'എന്ന വിഷയത്തിൽ നടന്ന മറ്റൊരു സെഷനിൽ വെസ്റ്റേൺ ഇന്ത്യ കാഷ്യൂ പ്രസിഡൻറ് ഹരികൃഷ്ണൻ നായർ, ട്രാവൻകൂർ കൊക്കോടഫ്റ്റ് എംഡി മഹാദേവൻ, കേരള കാഷ്യൂ ബോർഡ് സിഎംഡി എ അലക്സാണ്ടർ, കേരള കാർഷിക സർവകലാശാല പ്രൊഫസറും ഐപിആർ ലീഡറുമായ ഡോ. സി ആർ എൽസി, ഉറവ് ഇൻഡ്ജിനസ് സയൻസ് ആൻഡ് ടെക്നോളജി സ്റ്റഡി സെൻറർ സിഇഒ ടോണി പോൾ എന്നിവർ പങ്കെടുത്തു. കൈത്തറി ഡയറക്ടർ ഡോ. കെ എസ് കൃപകുമാർ മോഡറേറ്ററായിരുന്നു.




**സംസ്ഥാന വ്യവസായ വകുപ്പ് സംഘടിപ്പിച്ച വിഷൻ 2031 സെമിനാറിൽ നടന്ന പാനൽ സെഷനിൽ വ്യവസായ വാണിജ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് സംസാരിക്കുന്നു. കെയ്ൻസ് ടെക്നോളജീസ് സിഇഒ രമേശ് കണ്ണൻ, അദാനി വിഴിഞ്ഞം പോർട്സ് സിഇഒ പ്രദീപ് ജയരാമൻ, വെസ്റ്റേൺ ഇന്ത്യ എംഡി മായൻ മുഹമ്മദ്, കെഎസ്ഐഡിസി എക്സിക്യൂട്ടീവ് ഡയറക്ടർ ഹരികൃഷ്ണൻ ആർ, കിൻഫ്ര എംഡി സന്തോഷ് കോശി തോമസ് എന്നിവർ സമീപം.**

# ഇടുക്കി സർക്കാർ നഴ്സിംഗ് കോളജ് പൂട്ടിക്കാൻ സി. വി. വർഗീസും പ്രിൻസിപ്പലും ശ്രമിക്കുന്നു: ഡീൻ കുര്യാക്കോസ് എംപി

ഇടുക്കി: സർക്കാർ നഴ്സിംഗ് കോളജ് പൂട്ടിക്കാൻ സിപിഎം ജില്ലാ സെക്രട്ടറി സി. വി. വർഗീസും പ്രിൻസിപ്പലും ശ്രമിക്കുന്നുവെന്ന് ഡീൻ കുര്യക്കോസ് എംപി. കോളജിലെ പ്രശ്നങ്ങൾ സിപിഎം ജില്ലാ സെക്രട്ടറിയുമായി ചർച്ച ചെയ്ത പ്രിൻസിപ്പലിന് ആ സ്ഥാനത്ത് ഇരിക്കാൻ യോഗ്യത ഇല്ലെന്നും ഡീൻ പറഞ്ഞു.

വർഗീസാണ് ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ യോഗ്യനെന്ന് നഴ്സിംഗ് കോളജ് പ്രിൻസിപ്പലിന് തോന്നുന്നുണ്ടെങ്കിൽ എത്രയും വേഗം ആ സ്ഥാനം രാജിവയ്ക്കണം. പ്രിൻസിപ്പൽ സ്വയം രാജി വച്ചില്ലെങ്കിൽ അദ്ദേഹത്തെ പെട്ടെന്ന് തന്നെ പുറത്താക്കണമെന്ന് ആരോഗ്യമന്ത്രിയോടും വകുപ്പ് അധികൃതരോടും താൻ ആവശ്യപ്പെടുകയാണെന്നും എംപി പറഞ്ഞു. ഈ കോളജ് പൂട്ടിക്കാൻ രാഷ്ട്രീയപരമായ തീരുമാനം വർഗീസിന് ഉണ്ട്. സിപിഎമ്മിനും അത്തരത്തിലുള്ള ഉദ്ദേശം ഉണ്ടെന്നും ഡീൻ കുര്യാക്കോസ് പറഞ്ഞു. കോളജിൽ കൊള്ളഫീസ് ചുമത്താൻ വർഗീസ് ഉൾപ്പടെ ഗൂഢാലോചന നടത്തിയെന്നും എംപി ആരോപിച്ചു.

സർക്കാർ നഴ്സിംഗ് വിദ്യാർഥികളെ വർഗീസ് ഭീഷണിപ്പെടുത്തി എന്ന് ആരോപണം ഉയർന്നിരുന്നു. പാർട്ടി കൊണ്ടുവന്ന കോളജ് അടയ്ക്കുമെന്ന് ഹോസ്റ്റൽ സൗകര്യം ഉൾപ്പെടെ ആവശ്യപ്പെട്ട് സമരം ചെയ്ത വിദ്യാർഥികളെ വർഗീസ് ഭീഷണിപ്പെടുത്തിയെന്നാണ് പിടിഎ അംഗത്തിന്റെ വെളിപ്പെടുത്തൽ. ചെറുതോണിയിലെ സിപിഎം ജില്ലാ കമ്മിറ്റി ഓഫീസിൽ വിളിച്ച യോഗത്തിലായിരുന്നു ഭീഷണിയെന്ന് പിടിഐ അംഗം രാജിമോൾ പറഞ്ഞു. ഒക്ടോബർ 18-നാണ് സംഭവം നടന്നത്. ഹോസ്റ്റൽ, സ്വന്തമായി കെട്ടിടം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവ ആവശ്യപ്പെട്ട് ദിവസങ്ങളായി വിദ്യാർഥികൾ സമരത്തിലായിരുന്ന പശ്ചാത്തലത്തിലാണ് വർഗീസ് ഒരു യോഗം വിളിക്കുന്നത്.

സിപിഎം ജില്ലാ കമ്മിറ്റി ഓഫീസിൽ വിളിച്ച യോഗത്തിൽ പങ്കെടുക്കണമെന്ന് പ്രിൻസിപ്പലാണ് വിദ്യാർഥി പ്രതിനിധികളോട് നിർദേശിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ അഞ്ച് വിദ്യാർഥി പ്രതിനിധികളും പിടിഎ പ്രതിനിധിയും പ്രിൻസിപ്പലും അധ്യാപകരുടെ പ്രതിനിധിയുമാണ് ചർച്ചയ്ക്ക് പോയത്.

ചർച്ചയ്ക്കിടെ സർക്കാർ കെട്ടിടത്തിൽ ഹോസ്റ്റൽ വേണമെന്ന് വിദ്യാർഥികൾ പറഞ്ഞു. ഇതാണ് വർഗീസിനെ ചൊടിപ്പിച്ചത്. ഞാനാരാണെന്ന് അറിയാമോ എന്ന് വർഗീസ് ചോദിച്ചെന്നും പാർട്ടി കൊണ്ടുവന്ന നഴ്സിംഗ് കോളജ് നിർത്തുമെന്ന് ഭീഷണിപ്പെടുത്തിയെന്നുമാണ് ആരോപണം. നിങ്ങളുടെ രണ്ട് വർഷത്തെ പഠനം പോയിക്കിട്ടുമെന്ന് സിപിഎം ജില്ലാ സെക്രട്ടറി പറഞ്ഞെന്നാണ് പിടിഎ അംഗത്തിന്റെ വെളിപ്പെടുത്തലുണ്ടായത്.

# രണ്ടാം മത്സരത്തിൽ രണ്ട് വിക്കറ്റ് ജയം; ഇന്ത്യയ്ക്കെതിരായ ഏകദിന പരമ്പര സ്വന്തമാക്കി ഓസ്ട്രേലിയ

അഡ്‌ലെയ്ഡ്: ഇന്ത്യയ്ക്കെതിരായ ഏകദിന പരമ്പര സ്വന്തമാക്കി ഓസ്ട്രേലിയ. അഡ്‌ലെയ്ഡിൽ നടന്ന രണ്ടാം മത്സരത്തിൽ രണ്ട് വിക്കറ്റിന് വിജയിച്ചതോടെയാണ് ഓസീസ് പരന്പര സ്വന്തമാക്കിയത്. പെർത്തിൽ നടന്ന ആദ്യ മത്സരത്തിൽ ഓസീസ് ഏഴ് വിക്കറ്റിന് വിജയിച്ചിരുന്നു.



ഇന്ന് നടന്ന മത്സരത്തിൽ ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ ഉയർത്തിയ 265 റൺസ് വിജയലക്ഷ്യം ഓസ്ട്രേലിയ 25 പന്ത് ബാക്കി നിൽക്കെ എട്ട് വിക്കറ്റ് നഷ്ടത്തിൽ മറികടന്നു. മാത്യൂ ഷോർട്ടിൻറെയും കൂപ്പർ കനോലിയുടെയും അർധ സെഞ്ചുറിയുടെയും മിച്ചൽ ഓവൻറെയും മാറ്റ് റെൻഷോയുടെയും മികച്ച ഇന്നിംഗ്സിൻറെയും മികവിലാണ് ഓസീസ് ലക്ഷ്യം മറികടന്നത്.

74 റൺസെടുത്ത മാത്യൂ ഷോർട്ടാണ് ഓസ്ട്രേലിയയുടെ ടോപ്സ്കോറർ. നാല് ബൗണ്ടറിയും രണ്ട് സിക്സും അടങ്ങുന്നതായിരുന്നു ഷോർട്ടിൻറെ ഇന്നിംഗ്സ്. 61 റൺസെടുത്ത കൂപ്പർ കനോലി പുറത്താകാതെ നിന്നു. ഓവൻ 36 റൺസും റെൻഷോ 30 റൺസും എടുത്തു.

ഇന്ത്യയ്ക്ക് വേണ്ടി അർഷ്ദീപ് സിംഗും ഹർഷിത് റാണയും വാഷിംഗ്ടൺ സുന്ദറും രണ്ട് വിക്കറ്റ് വീതം വീഴ്ത്തി. അക്സർ പട്ടേലും മുഹമ്മദ് സിറാജും ഓരോ വിക്കറ്റ് വീതം എടുത്തു. ഓസീസ് താരം ആദം സാംപയാണ് കളിയിലെ താരം.

# റാവൽപിണ്ടി ടെസ്റ്റ്: ദക്ഷിണാഫ്രിക്കയ്ക്ക് അനായാസജയം, പാക്കിസ്ഥാനെ തകർത്തത് എട്ടുവിക്കറ്റിന്

റാവൽപിണ്ടി: പാക്കിസ്ഥാനെതിരായ രണ്ടാം ടെസ്റ്റിൽ ദക്ഷിണാഫ്രിക്കയ്ക്ക് എട്ടുവിക്കറ്റ് ജയം. പാക്കിസ്ഥാൻ ഉയർത്തിയ 68 റൺസിൻറെ കുഞ്ഞൻ വിജയലക്ഷ്യം 12.3 ഓവറിൽ രണ്ടുവിക്കറ്റ് നഷ്ടത്തിൽ സന്ദർശകർ മറികടന്നു. ഇതോടെ, ടെസ്റ്റ് പരമ്പര 1-1 എന്ന നിലയിലായി. സ്കോർ: പാക്കിസ്ഥാൻ- 333 & 138, ദക്ഷിണാഫ്രിക്ക - 404 & 73/2.42 റൺസെടുത്ത നായകൻ എയ്ഡൻ മാർക്രമും 25 റൺസെടുത്ത റയാൻ റിക്കിൾട്ടണുമാണ് ദക്ഷിണാഫ്രിക്കൻ വിജയം വേഗത്തിലാക്കിയത്. രണ്ടു വിക്കറ്റും വീഴ്ത്തിയത് നൊമാൻ അലിയാണ്.

നേരത്തെ, നാലിന് 94 റൺസെന്ന നിലയിൽ നാലാം ദിനം ബാറ്റിംഗ് പുനരാരംഭിച്ച പാക്കിസ്ഥാൻറെ രണ്ടാമിന്നിംഗ്സ് 138 റൺസിൽ അവസാനിച്ചിരുന്നു. ബാബർ അസം (50), മുഹമ്മദ് റിസ്വാൻ (18), നൊമാൻ അലി (പൂജ്യം), ഷഹീൻ ഷാ അഫ്രീദി (പൂജ്യം), സൽമാൻ ആഘ (28), സാജിദ് ഖാൻ (13) എന്നിവരുടെ വിക്കറ്റുകളാണ് നാലാംദിനം നഷ്ടമായത്.

വെറും 50 റൺസ് മാത്രം വഴങ്ങി ആറുവിക്കറ്റ് വീഴ്ത്തിയ സൈമൺ ഹാർമറാണ് പാക് ബാറ്റിംഗ് നിരയുടെ ചിറകരിഞ്ഞത്. കേശവ് മഹാരാജ് രണ്ടും കഗീസോ റബാഡ ഒരു വിക്കറ്റും വീഴ്ത്തി.

# വ്യാജരേഖ ചമച്ച് ഫെഡറൽ ബാങ്കിൽ നിന്ന് 27 കോടി തട്ടിയ കേസ്: ഒളിവിലുള്ള പ്രതിക്കായി അന്വേഷണം

കൊച്ചി: ഫെഡറൽ ബാങ്കിൽ നിന്ന് 27 കോടി രൂപ തട്ടിയ കേസിൽ ഒളിവിലുള്ള പ്രതിക്കായി അന്വേഷണം. കേസിലെ മുഖ്യസൂത്രധാരൻ ഷിറാജുൽ ഇസ്ലാമിനെ ക്രൈംബ്രാഞ്ച് സംഘം ആസാമിൽ നിന്ന് അറസ്റ്റ് ചെയ്തതിരുന്നു.ഒളിവിലുള്ള ഷെറിഫുൾ പിടിയിലായ ഷിറാജുളിൻറെ സഹോദരനാണ്. സംഘം വ്യാജ പാൻ കാർഡുകൾ തയാറാക്കി നടത്തിയ തട്ടിപ്പ് നടത്തുന്ന വൻസംഘമെന്ന് ക്രൈംബ്രാഞ്ച് പറഞ്ഞു.

2023ൽ കൊച്ചി സെൻട്രൽ പോലീസ് രജിസ്റ്റർ ചെയ്ത കേസിലാണ് ഷിറാജുളിനെ അറസ്റ്റ് ചെയ്തത്. തട്ടിപ്പിൻറെ പ്രധാന കേന്ദ്രം ആസാം ആണെന്നാണ് അന്വേഷണ സംഘത്തിൻറെ കണ്ടെത്തൽ.ഒന്നരവർഷം നീണ്ട അന്വേഷണത്തിനൊടുവിൽ പ്രതി പിടിലായത്.അഞ്ഞൂറിലേറെ പേരുടെ പാൻകാർഡുകളിൽ ഫോട്ടോ മാറ്റി ആൾമാറാട്ടം നടത്തി ലോൺ സംഘടിപ്പിച്ചായിരുന്നു തട്ടിപ്പ്. സംഘത്തിൽപ്പെട്ട കൂടുതൽ പേർക്കായി അന്വേഷണം പുരോഗമിക്കുകയാണ്.

2023ൽ എറണാകുളം സെൻട്രൽ പോലീസ് രജിസ്റ്റർ ചെയ്ത കേസ് കഴിഞ്ഞ വർഷമാണ് ക്രൈംബ്രാഞ്ച് ഇക്കണോമിക്സ് ഒഫൻസ് വിംഗ് ഏറ്റെടുത്ത അന്വേഷണം ആരംഭിച്ചത്.

# ബിഹാറിൽ മഹാസഖ്യത്തിനാണ് മുൻതൂക്കം; എൻഡിഎ മുഖ്യമന്ത്രി സ്ഥാനാർഥിയെ പോലും പ്രഖ്യാപിച്ചിട്ടില്ല: പവൻ ഖേര

പാറ്റ്ന: അടുത്ത മാസം നടക്കാനിരിക്കുന്ന ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിൽ മഹാസഖ്യം വൻ വിജയം നേടുമെന്ന് കോൺഗ്രസ് നേതാവ് പവൻ ഖേര. മികച്ച ഭൂരിപക്ഷത്തോടെയായിരിക്കും തേജസ്വി യാദവിൻറെ നേതൃത്വത്തിലുള്ള സർക്കാർ അധികാരത്തിലെത്തുകയെന്നും പവൻ ഖേര പറഞ്ഞു.'ബിഹാറിലെ സാഹചര്യം മഹാസഖ്യത്തിന് അനുകൂലമാണ്. ഞങ്ങൾ തേജസ്വി യാദവിനെ മുഖ്യമന്ത്രി സ്ഥാനാർഥിയായി പ്രഖ്യാപിച്ച് കഴിഞ്ഞു. എന്നാൽ എൻഡിഎയ്ക്ക് മുഖ്യമന്ത്രി സ്ഥാനാർഥിയെ പോലും പ്രഖ്യാപിക്കാൻ സാധിച്ചിട്ടില്ല. തെരഞ്ഞെടുപ്പ് ഫലത്തിന് ശേഷം തീരുമാനിക്കുമെന്നാണ് അവർ പറയുന്നത്.'-പവൻ ഖേര കൂട്ടിച്ചേർത്തു.'സംസ്ഥാനത്തെ ജനങ്ങൾ നിലവിലെ സർക്കാരിനെ മടുത്തു കഴിഞ്ഞു. എല്ലാ മേഖലയേയും തകർത്ത ഈ സർക്കാർ മാറണമെന്നാണ് അവർ ആഗ്രഹിക്കുന്നത്. മഹാസഖ്യത്തിന് അനുകൂലമായി വോട്ട് ചെയ്യാൻ അവർ തയാറായിരിക്കുകയാണ്.'-പവൻ ഖേര അവകാശപ്പെട്ടു.മഹാസഖ്യത്തിലെ പാർട്ടികളെല്ലാം ഒറ്റക്കെട്ടാണെന്നും കോൺഗ്രസ് നേതാവ് പറഞ്ഞു. എന്നാൽ എൻഡിഎയിൽ കാര്യങ്ങൾ അങ്ങനെ അല്ലെന്നും പവൻ ഖേര പറഞ്ഞു. മുഖ്യമന്ത്രി സ്ഥാനാർഥിയായി നിതീഷിനെ പ്രഖ്യാപിക്കാതെ ബിജെപി അദ്ദേഹത്തെ അപമാനിച്ചെന്നും പവൻ ഖേര പറഞ്ഞു.നവംബറിൽ രണ്ട് ഘട്ടങ്ങളിലായാണ് ബിഹാറിൽ തെരഞ്ഞെടുപ്പ് നടക്കുക. നവംബർ ആറിന് ആദ്യ ഘട്ടവും 11ന് രണ്ടാം ഘട്ടവും നടക്കും. 14നാണ് വോട്ടെണ്ണൽ.

# ബാങ്കിൻറെ ആപ്പ് വഴി തട്ടിപ്പ്

ഫെഡറൽ ബാങ്കിൻറെ സ്കാൽപിയ ആപ്പ് വഴിയായിരുന്നു സംഘത്തിൻറെ തട്ടിപ്പ്. മികച്ച് സിബിൽ സ്കോറുള്ളവർക്ക് ആപ്പ് വഴി വീഡിയോ കെവൈസി പൂർത്തിയാക്കി ലോൺ നൽകും. ഈ സൗകര്യത്തെ മറയാക്കിയായിരുന്നു തട്ടിപ്പ്.

മികച്ച സിബിൽ സ്കോറുള്ളവരുടെ വിവരങ്ങൾ ശേഖരിച്ച തട്ടിപ്പ് സംഘം അവരുടെ പാൻകാർഡിലെ ചിത്രങ്ങൾക്ക് പകരം പ്രതികളുടെ ചിത്രങ്ങൾ ഉൾപ്പെടുത്തും.

ഈ രേഖയാകും ലോണിനായി അപേക്ഷിക്കുമ്പോൾ അപ്‌ലോഡ് ചെയ്യുക. പേരും മേൽവിലാസവും യഥാർഥ ഉടമയുടേത്. മറ്റ് വിവരങ്ങൾ തട്ടിപ്പ് സംഘത്തിൻറേത്. വീഡിയോ കെവൈസിയിൽ ബാങ്ക് ഉദ്യോഗസ്ഥന് മുന്നിൽ പ്രത്യക്ഷപ്പെടുന്നതും തട്ടിപ്പ് സംഘാംഗം.

ഇങ്ങനെ അഞ്ഞൂറിലേറെ പേരുടെ വ്യാജ പാൻകാർഡുകൾ സജ്ജമാക്കിയാണ് 27 കോടി രൂപ ഷിറാജുൾ ഇസ്ലാമിൻറെ നേതൃത്വത്തിൽ തട്ടിയത്. ഷിറാജുൾ മാത്രം നാലരകോടിരൂപയാണ് തട്ടിയെടുത്തത്.

ആസാമിൽ മുറിഗാവ് ജില്ലയിൽ ബോവൽഗിരി എന്ന സ്ഥലത്തായിരുന്നു ഷിറാജുലിൻറെ താമസം. തട്ടിപ്പിലൂടെ കിട്ടുന്ന പണം ഉപയോഗിച്ച് ആഡംബര ജീവിതമാണ് ഇയാൾ നയിച്ചിരുന്നത്. ആസാമിൽ സമാനമായ മറ്റ് രണ്ട് കേസുകളിലും പ്രതിയാണ് ഷിറാജുൽ.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# രാത്രി പകലാക്കി: അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ പുതു ചരിത്രമെഴുതി കോട്ടയം മെഡിക്കൽ കോളേജ്

## ഇന്ത്യയിൽ ആദ്യമായി സർക്കാർ മേഖലയിൽ ഒറ്റ ദിവസം 3 പ്രധാന അവയവങ്ങൾ മാറ്റിവച്ചു എയിംസിന് ശേഷം സർക്കാർ മേഖലയിൽ ആദ്യമായി ശ്വാസകോശം മാറ്റിവച്ചു

അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ കോട്ടയം സർക്കാർ മെഡിക്കൽ കോളേജ് രാജ്യത്തിന് തന്നെ മാതൃകയായി. ഇന്ത്യയിൽ ആദ്യമായി ഒറ്റ ദിവസം ഹൃദയം, ശ്വാസകോശം, വൃക്ക എന്നിങ്ങനെ 3 പ്രധാന അവയവങ്ങൾ മാറ്റിവയ്ക്കുന്ന സർക്കാർ ആശുപത്രിയായി കോട്ടയം മെഡിക്കൽ കോളേജ് മാറി. ഡൽഹി എയിംസിന് ശേഷം സർക്കാർ മേഖലയിൽ ശ്വാസകോശം മാറ്റിവച്ചതും ആദ്യമായാണ്. പതിനൊന്നാമത്തെ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും കൂടിയാണ് കോട്ടയം മെഡിക്കൽ കോളേജിൽ നടന്നത്. ഹൃദയം, ശ്വാസകോശം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾക്ക് നേതൃത്വം നൽകിയത് പ്രശസ്ത കാർഡിയോതൊറാസിക് വിദഗ്ധനും സൂപ്രണ്ടുമായ ഡോ. ടി.കെ. ജയകുമാറും വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയത് ഡോ. രാജീവനുമാണ്. ശസ്ത്രക്രിയകൾക്ക് നേതൃത്വം നൽകിയ മുഴുവൻ ടീമിനേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

കോട്ടയം മെഡിക്കൽ കോളേജിൽ മസ്തിഷ്ക മരണം സംഭവിച്ച തിരുവനന്തപുരം പൂഴനാട് കാവിൻപുറത്ത് വീട്ടിൽ എ.ആർ. അനീഷിന്റെ (38) അവയവങ്ങളാണ് ദാനം ചെയ്തത്. 8 അവയവങ്ങളാണ് ദാനം ചെയ്തത്. അതിൽ ഒരു വൃക്കയും ഹൃദയവും ശ്വാസകോശവും രണ്ട് നേത്രപടലങ്ങളും കോട്ടയം മെഡിക്കൽ കോളേജിലെ രോഗികൾക്കാണ് ലഭിച്ചത്.

ഡോക്ടർമാർ, നഴ്സുമാർ, പെർഫ്യൂഷനിസ്റ്റുകൾ, ടെക്നീഷ്യൻമാർ, മറ്റ് ജീവനക്കാർ ഉൾപ്പെടെ 50 ഓളം പേരാണ് രാത്രി പകലാക്കി 3 മേജർ ശസ്ത്രക്രിയകൾക്ക് നേതൃത്വം നൽകിയത്. 3 ഓപ്പറേഷൻ തീയറ്ററുകളിൽ 3 ടീമുകളാണ് ശസ്ത്രക്രിയ നടത്തിയത്. ഇന്നലെ വൈകുന്നേരം 6 മണിയോടെയാണ് ദാതാവിൽ നിന്നുള്ള അവയവങ്ങൾ സ്വീകരിക്കാനുള്ള ശസ്ത്രക്രിയ ആരംഭിച്ചത്. തുടർന്ന് 9 മണിയോടെ സ്വീകർത്താക്കൾക്ക് അവയവം മാറ്റിവയ്ക്കുന്ന 3 ശസ്ത്രക്രിയകളും ആരംഭിച്ചു. പുലർച്ചെ 2 മണിയോളം നീളുന്നതായിരുന്നു ശസ്ത്രക്രിയകൾ. തൃശൂർ സ്വദേശിയായ 59 വയസുകാരന് ഹൃദയവും കോട്ടയം സ്വദേശിനിയായ 27 വയസുകാരിക്ക് ശ്വാസകോശവും പത്തനംതിട്ട സ്വദേശിയായ 38 വയസുകാരന് വൃക്കയും വച്ചുപിടിപ്പിച്ചു. ശസ്ത്രക്രിയ വിജയകരമാണെന്ന് ഡോക്ടർമാർ അറിയിച്ചു. എങ്കിലും അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയായതിനാൽ ഒരാഴ്ചയോളം നിർണായകമാണ്.



രാജ്ഭവനിൽ അനാച്ഛാദനം ചെയ്ത മുൻ രാഷ്ട്രപതി കെ. ആർ. നാരായണന്റെ പ്രതിമയിൽ രാഷ്ട്രപതി ദ്രൗപദി മുർമു പുഷ്പാർച്ചന നടത്തുന്നു

# കെ.ആർ. നാരായണൻ ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിയ പ്രതിഭ : രാഷ്ട്രപതി

## മുൻ രാഷ്ട്രപതി കെ.ആർ. നാരായണന്റെ പ്രതിമ രാജ്ഭവനിൽ അനാച്ഛാദനം ചെയ്തു

ഇന്ത്യയുടെ പത്താമത് രാഷ്ട്രപതിയായിരുന്ന കെ. ആർ. നാരായണൻ ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച വ്യക്തിത്വവും ലാളിത്യത്തിന്റെ പ്രതീകവും ആയിരുന്നെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞു. പ്രമുഖ രാഷ്ട്രതന്ത്രജ്ഞനും, നയതന്ത്രജ്ഞനുമായിരുന്ന അദ്ദേഹത്തിന്റെ ജീവിതം സമത്വം, സത്യസന്ധത, പൊതുസേവനം എന്നീ മൂല്യങ്ങൾ മുറുകെപ്പിടിക്കാൻ എല്ലാവർക്കും പ്രചോദനമാണ്. രാജ്ഭവനിൽ സ്ഥാപിച്ച മുൻ രാഷ്ട്രപതി കെ.ആർ. നാരായണന്റെ പ്രതിമ അനാച്ഛാദനം ചെയ്ത് സംസാരിക്കുകയായിരുന്നു രാഷ്ട്രപതി.വിദ്യാഭ്യാസത്തിനും സാമൂഹ്യനീതിക്കും വേണ്ടി കെ.ആർ. നാരായണൻ നടത്തിയ പരിശ്രമങ്ങൾ എന്നും ഓർമ്മിക്കപ്പെടേണ്ടതാണ്. അചഞ്ചലമായ സമർപ്പണത്തിലൂടെയും വിദ്യാഭ്യാസത്തിന്റെ ശക്തിയിലൂടെയുമാണ് കെ.ആർ. നാരായണൻ രാജ്യത്തെ ഏറ്റവും ഉയർന്ന ഭരണഘടനാ പദവിയിൽ എത്തിയത്. ഇന്ത്യൻ വിദേശകാര്യ സർവീസിലെ ഔദ്യോഗിക ജീവിതത്തിലും സമാധാനം, നീതി, സഹകരണം എന്നീ ആശയങ്ങളാണ് കെ.ആർ. നാരായണൻ ഇന്ത്യയ്ക്ക് വേണ്ടി ലോകത്തിന് മുന്നിൽ അവതരിപ്പിച്ചത്. രാജ്യത്തിന്റെയും മനുഷ്യന്റെയും വികസനത്തിൽ വിദ്യാഭ്യാസത്തിനുള്ള പങ്കിന് അദ്ദേഹം ഊന്നൽ നൽകി. സാധാരണ ജനങ്ങളുടെ ജീവിതം ഉയർത്തുന്നതിനായി പ്രവർത്തിച്ച അദ്ദേഹം ഭാവി തലമുറകൾക്ക് പ്രചോദനമാകുന്ന നേതൃഗുണങ്ങളുടെ പ്രതീകമാണ്. ധാർമികത, സത്യസന്ധത, അനുകമ്പ, ജനാധിപത്യപരമായ മനോഭാവം എന്നിവ അദ്ദേഹം എന്നും ഉയർത്തിപ്പിടിച്ചു. അദ്ദേഹത്തിന്റെ മൂല്യങ്ങളും ജീവിതസന്ദേശവും രാജ്യത്തിന്റെ പുരോഗതിയിലേക്കുള്ള പാതയിൽ എന്നും മാർഗദീപമാകും. രാജ്ഭവനിൽ കെ.ആർ. നാരായണന്റെ പ്രതിമ സ്ഥാപിക്കുന്നതിലൂടെ രാജ്യത്തിന്റെ സ്നേഹാദരവ് അദ്ദേഹത്തിന് നൽകുകയാണെന്ന് രാഷ്ട്രപതി പറഞ്ഞു.മുൻ രാഷ്ട്രപതിമാരുടെ ഓർമ്മ നിലനിർത്തുന്നതിനുള്ള ഈ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നതിന് നേതൃത്വം നൽകിയ മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദിന് രാഷ്ട്രപതി നന്ദി അറിയിച്ചു. കെ.ആർ. നാരായണന്റെ പ്രതിമ അനാച്ഛാദനം ചെയ്യാൻ കഴിഞ്ഞതിൽ അഭിമാനമുണ്ടെന്നും രാഷ്ട്രപതി പറഞ്ഞു.ചടങ്ങിൽ മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ്, ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, ബീഹാർ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ എന്നിവർ സംസാരിച്ചു. ഗവർണറുടെ പത്നി അനഘ അർലേക്കർ, മന്ത്രിമാരായ വി. ശിവൻകുട്ടി, ജി.ആർ. അനിൽ, വി.എൻ. വാസവൻ, പി. പ്രസാദ്, രാമചന്ദ്രൻ കടന്നപ്പള്ളി, സ്പീക്കർ എ.എൻ. ഷംസീർ, മേയർ ആര്യ രാജേന്ദ്രൻ, എംപിമാരായ ശശി തരൂർ, അടൂർ പ്രകാശ്, ആന്റണി രാജു എം.എൽ.എ., സംസ്ഥാന പൊലീസ് മേധാവി റവാഡ ചന്ദ്രശേഖർ, രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക മേഖലയിലെ വിശിഷ്ട വ്യക്തികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. രാജ്ഭവനിൽ അതിഥി മന്ദിരത്തോടു ചേർന്നുള്ള സ്ഥലത്താണ് കെ.ആർ. നാരായണന്റെ മൂന്നടി ഉയരമുള്ള അർദ്ധകായ പ്രതിമ സ്ഥാപിച്ചിരിക്കുന്നത്. പൊതുമരാമത്ത് വകുപ്പിനായിരുന്നു നിർമാണച്ചുമതല. ഫൈൻ ആർട്സ് കോളജ് പ്രിൻസിപ്പൽ പ്രൊഫ. ഇ.കെ. നാരായണൻ കുട്ടിയുടെ മേൽനോട്ടത്തിൽ ശില്പി സിജോയാണ് പ്രതിമയുടെ രൂപകൽപ്പന.

# സിഐക്ക് ഗുണ്ടാ മാഫിയ ബന്ധം; വഞ്ചിയൂരിലെ പാർട്ടിക്കാരനെ എങ്ങനെ പോലീസിലേക്ക് തിരിച്ചെടുത്തു: വി.ഡി. സതീശൻ

തിരുവനന്തപുരം: പേരാമ്പ്ര സംഘർഷത്തിലെ ഷാഫി പറമ്പിലിൻറെ വെളിപ്പെടുത്തലിൽ പ്രതികരണവുമായി പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ. ഷാഫി പറമ്പിലിനെ അടിച്ച സിഐ ഗുണ്ടാ മാഫിയ ബന്ധമുള്ള ആളാണെന്നും ഇയാളെ സർവീസിൽ തുടരാൻ അനുവദിക്കില്ലെന്നും സതീശൻ പറഞ്ഞു. അഴിമതിക്കേസും ഗുണ്ടാ മാഫിയ ബന്ധവും ഈ സിഐക്കെതിരേയുണ്ട്. വഞ്ചിയൂരിലെ പാർട്ടിക്കാരനെ എങ്ങനെ പോലീസിലേക്ക് തിരിച്ചെടുത്തുവെന്നും അദ്ദേഹം ചോദിച്ചു.

2016 മുതൽ 144 പോലീസുകാരെ പിരിച്ചുവിട്ടുവെന്നാണ് മുഖ്യമന്ത്രി പറഞ്ഞ കണക്ക്. വിവരാവകാശ നിയമപ്രകാരം ചോദിച്ചപ്പോൾ അങ്ങനെയൊരു കണക്ക് പോലീസ് ആസ്ഥാനത്തില്ല. ആകെ 14 പേരെ ഉള്ളു എന്നാണ് കണക്ക്. സർവീസിൽനിന്ന് പിരിച്ചുവിടപ്പെട്ടുവെന്ന് പറഞ്ഞ ഉദ്യോഗസ്ഥനെ തിരിച്ചെടുത്ത് കോൺഗ്രസുകാർക്കെതിരെ തിരിയിപ്പിക്കുകയാണ്.

ഷാഫിക്കെതിരേ നടന്ന ആക്രമണത്തിലും ഗൂഢാലോചനയുണ്ട്. നിയമസഭയെ തെറ്റിദ്ധരിപ്പിച്ച മുഖ്യമന്ത്രി ഇതിനു കൂടി മറുപടി പറയണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.ശബരിമല സ്വർണക്കൊള്ളക്കേസിലും വി.ഡി. സതീശൻ പ്രതികരിച്ചു. മുരാരി ബാബു ഗൂഢാലോചന നടത്തിയ സംഘത്തിലെ ആളാണ്. അന്നത്തെ ദേവസ്വം മന്ത്രിയെയും പ്രതിച്ചേർക്കണമെന്നും ഗൂഢാലോചനയിൽ എല്ലാവരും പങ്കാളികളാണെന്നും അദ്ദേഹം ആരോപിച്ചു.

# മെമ്മറി കാർഡ് വിവാദം: അമ്മയിൽ തെളിവെടുപ്പ് തുടരുന്നു

കൊച്ചി: താരസംഘടന അമ്മയിലെ മെമ്മറി കാർഡ് വിവാദത്തിൽ തെളിവെടുപ്പ് തുടരുന്നു. പരാതി ഉന്നയിച്ച ഏതാനും ചില താരങ്ങളിൽ നിന്നടക്കമാണ് ഇനി മൊഴി രേഖപ്പെടുത്താനുള്ളത്.ആരോപണ വിധേയരിൽ നിന്നും സംഘടനാ ഭാരവാഹികളിൽ നിന്നും കമ്മീഷൻ മൊഴി രേഖപ്പെടുത്തുന്നുണ്ട്. അമ്മ പ്രസിഡൻറ് ശ്വേത മേനോൻ ഉൾപ്പെടുന്ന അഞ്ചംഗ സമിതിയാണ് വിവരങ്ങൾ ശേഖരിക്കുന്നത്.മൊഴികൾ രേഖപ്പെടുത്തിയ ശേഷം രണ്ട് മാസത്തിനുള്ളിൽ കമ്മീഷൻ റിപ്പോർട്ട് ജനറൽ ബോഡിക്ക് മുമ്പാകെ സമർപ്പിക്കും. നിയമപരമായ നടപടി സ്വീകരിക്കേണ്ട സാഹചര്യം ഉണ്ടായാൽ അത്തരത്തിൽ നീങ്ങാനുമാണ് നിലവിലെ നീക്കം. നടൻ മോഹൻലാലിൽ നിന്നടക്കം സമിതി വിവരങ്ങൾ തേടിയതായാണ് സൂചന.അമ്മ എക്സിക്യൂട്ടീവ് അംഗം ജോയ് മാത്യു, ദേവൻ, ശ്രീലത നമ്പൂതിരി, ശ്രീലത പരമേശ്വരൻ എന്നിവർ ഉൾപ്പെടെയുള്ള അഞ്ചംഗ സമിതിയാണ് മൊഴിയെടുക്കുന്നത്.മീ ടു ആരോപണത്തിൻറെ പശ്ചാത്തലത്തിൽ മലയാള സിനിമയിലെ നടിമാർ നേരിട്ട ലൈംഗീകാതിക്രമങ്ങളെക്കുറിച്ച് തുറന്നു പറയാൻ നടി കുക്കു പരമേശ്വരൻ വിളിച്ച യോഗത്തിൽ നടിമാരുടെ അനുഭവങ്ങൾ പകർത്തിയ മെമ്മറി കാർഡ് സംബന്ധിച്ചാണ് പരാതികൾ ഉയർന്നത്.14 താരങ്ങളാണ് ഇതുസംബന്ധിച്ച് പരാതികൾ ഉന്നയിച്ചത്. മെമ്മറി കാർഡിലെ ചില സംഭാഷണങ്ങൾ കഴിഞ്ഞിടെ പുറത്തുവന്നിരുന്നു. മെമ്മറി കാർഡ് ദുരുപയോഗം ചെയ്തോ എന്നതിൽ ആശങ്കയുണ്ടെന്ന് നടി പൊന്നമ്മ ബാബു ഉൾപ്പെടെയുള്ള പറഞ്ഞിരുന്നു.

# രാജ്യത്തെ മുൻനിര വ്യവസായ കേന്ദ്രമാക്കി കേരളത്തെ മാറ്റാൻ 'വിഷൻ 2031' സംസ്ഥാനത്തുടനീളം ബൃഹദ് പദ്ധതികൾ; വ്യവസായ ഇടനാഴികളും, ഇനോവേഷൻ ഹബ്ബുകളും വരും

തിരുവനന്തപുരം: രാജ്യത്തെ മുൻനിര വ്യവസായ നിക്ഷേപ ലക്ഷ്യകേന്ദ്രമാക്കി കേരളത്തെ മാറ്റുക എന്ന ബൃഹദ് ലക്ഷ്യം പ്രഖ്യാപിച്ച് വ്യവസായ വകുപ്പിൻറെ 'വിഷൻ 2031' രേഖ. വ്യവസായ വകുപ്പ് സംഘടിപ്പിച്ച സെമിനാറിൽ വ്യവസായ-കയർ-നിയമ മന്ത്രി പി. രാജീവ് 2031 ലേക്കുള്ള ലക്ഷ്യങ്ങൾ പ്രഖ്യാപിച്ചു. സംസ്ഥാനത്തെ വ്യവസായ മേഖലയുടെ സമഗ്രവികസനം ലക്ഷ്യം വച്ചുള്ള പരിഷ്കാരങ്ങൾ, വ്യവസായ ഇടനാഴികൾ, ഇനോവേഷൻ ഹബ്ബുകൾ തുടങ്ങിയവ നടപ്പിൽ വരുത്തുമെന്ന് വ്യവസായവകുപ്പ് സംഘടിപ്പിച്ച സെമിനാറിൽ പദ്ധതി രേഖ അവതരിപ്പിച്ചു കൊണ്ട് മന്ത്രി പറഞ്ഞു.

വ്യവസായ ടൗൺഷിപ്പുകളും പ്രത്യേക നിക്ഷേപ മേഖലകളും സ്ഥാപിക്കുന്നതിന് ഊന്നൽ നൽകുന്ന ഈ പദ്ധതിയ്ക്കായി ഏകജാലക ക്ലിയറൻസ് ബോർഡ് നിയമം ഭേദഗതി ചെയ്യുമെന്ന് മന്ത്രി പറഞ്ഞു. ഭാവിയിലെ വ്യാവസായിക ആവശ്യങ്ങൾക്ക് അനുസൃതമായി സംസ്ഥാനത്തെ യുവജനങ്ങളെ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിൽ (പി.പി.പി) കേരള യൂണിവേഴ്സിറ്റി ഫോർ സ്കിൽ ഡെവലപ്മെൻറ് ആൻഡ് എൻറർപ്രണർഷിപ്പ് (നൈപുണ്യവികസന-സംരംഭക സർവകലാശാല) സ്ഥാപിക്കും. വിദ്യാഭ്യാസം, ഇൻകുബേഷൻ, വിജ്ഞാന സമ്പാദനം എന്നിവ സംയോജിപ്പിച്ചുകൊണ്ട് വ്യവസായ-അധിഷ്ഠിത വിദ്യാഭ്യാസം ഉറപ്പാക്കുകയാണ് സർവകലാശാലയുടെ ലക്ഷ്യം.

വിഴിഞ്ഞം തുറമുഖം ഉൾപ്പെടുന്ന മേഖലയെ ആഗോള സാമ്പത്തിക കേന്ദ്രമായി വികസിപ്പിക്കുന്നതിനായി വിഴിഞ്ഞം ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോർ യാഥാർത്ഥ്യമാക്കും. തുറമുഖത്തിൻറെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്ന ഈ പദ്ധതിയിൽ എട്ട് ക്ലസ്റ്ററുകളാണ് വിഭാവനം ചെയ്തിട്ടുള്ളത്. തുറമുഖാധിഷ്ഠിത സ്മാർട്ട് വ്യാവസായിക സാമ്പത്തിക ആവാസവ്യവസ്ഥയായി വികസിപ്പിക്കുന്നതിൻറെ ഭാഗമായി 1,700 ഏക്കറിലായി വിഴിഞ്ഞം-കൊല്ലം-പുനലൂർ വളർച്ചാ ത്രികോണം (ഗ്രോത്ത് ട്രയാംഗിൾ) കൊണ്ടുവരും.

ഉന്നത സാങ്കേതിക ശേഷിയുള്ള കേന്ദ്രങ്ങളുടെ ആഗോള ലക്ഷ്യസ്ഥാനമാക്കി സംസ്ഥാനത്തെ മാറ്റുന്നതിനായി 200 ഗ്ലോബൽ കേപ്പബിലിറ്റി സെൻററുകൾ (ജി.സി.സി.കൾ) സ്ഥാപിക്കാനും പദ്ധതി ലക്ഷ്യമിടുന്നു. ജി.സി.സി.കൾക്കും ഗ്ലോബൽ ടെക്നോളജി സെൻററുകൾക്കുമായി പ്രത്യേക ഇനോവേഷൻ പാർക്കുകളും സ്ഥാപിക്കും.

കൊച്ചി-ബെംഗളൂരു വ്യാവസായിക ഇടനാഴിയുടെ പ്രധാന ഘടകമായി 358 ഏക്കറിൽ കൊച്ചി ഗ്ലോബൽ സിറ്റി പ്രോജക്റ്റ് ആവിഷ്കരിക്കുന്നുണ്ട്. ആഗോള ധനകാര്യ സ്ഥാപനങ്ങളെയും കോർപ്പറേറ്റ് ആസ്ഥാനങ്ങളെയും ആകർഷിക്കുന്ന ഈ കേന്ദ്രത്തിലൂടെ 1.20 ലക്ഷം നേരിട്ടുള്ള തൊഴിലവസരങ്ങളും 3.6 ലക്ഷം പരോക്ഷ തൊഴിലവസരങ്ങളും സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നത്. തിരുവനന്തപുരത്തെ വിക്രം സാരാഭായ് സ്പേസ് സെൻറർ, ഐ.എസ്.ആർ.ഒ. തുടങ്ങിയ സ്ഥാപനങ്ങളോട് അടുത്ത് ഏറോ-ഡിഫൻസ് ആൻറ് ഡ്രോൺ ഇൻഡസ്ട്രിയൽ ക്ലസ്റ്റർ സ്ഥാപിക്കുന്നതും പ്രതിരോധ മേഖലയിലെ കേരളത്തിൻറെ സാധ്യതകൾ വർധിപ്പിക്കും.മലബാറിൻറെ സാധ്യതകൾ പ്രയോജനപ്പെടുത്തി കോഴിക്കോട്-മലപ്പുറം വ്യാവസായിക ക്ലസ്റ്ററിൻറെ ഭാഗമായി ബയോടെക് ആൻഡ് ലൈഫ് സയൻസസ് ക്യാംപസും ഇ.എസ്.ഡി.എം. (ഇലക്ട്രോണിക് സിസ്റ്റം ഡിസൈൻ ആൻഡ് മാനുഫാക്ചറിങ്) ആൻഡ് പവർ ഇലക്ട്രോണിക്സ് ക്യാംപസും സ്ഥാപിക്കും. കൂടാതെ, കായികമേഖല, വ്യവസായം, ആരോഗ്യ സംരക്ഷണം എന്നിവ സമന്വയിപ്പിച്ചുകൊണ്ടുള്ള മൾട്ടി-സെക്ടറൽ മെഗാ പ്രോജക്റ്റായ അരീന മലബാർ (കേരള സ്പോർട്സ് മെട്രോപോളിസ്) കായിക ഉപകരണങ്ങളുടെ നിർമ്മാണത്തിനും അത്‌ലീറ്റുകൾക്കുള്ള സമഗ്ര ആരോഗ്യ പരിരക്ഷാ കേന്ദ്രമായും മാറും. ഫിൻടെക്, ഐ.ടി-ഐ.ടി.ഇ.എസ്, എ.ഐ. ആൻഡ് റോബോട്ടിക്സ്, കൈത്തറി, ലോജിസ്റ്റിക്സ് തുടങ്ങിയ മേഖലകളെ കേന്ദ്രീകരിച്ച് 2,000 ഏക്കറിലധികം പ്രദേശത്ത് കണ്ണൂർ-കാസർഗോഡ് വ്യവസായ ഇടനാഴിയും വിഭാവനം ചെയ്യുന്നുണ്ട്.



ഫോട്ടോ കാപ്ഷൻ: സംസ്ഥാന വ്യവസായ വകുപ്പ് സംഘടിപ്പിച്ച വിഷൻ 2031 സെമിനാറിൽ വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി രാജീവ് നയരേഖ അവതരിപ്പിച്ച് സംസാരിക്കുന്നു. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ്, കെഎസ്ഐഡിസി എംഡി പി. വിഷ്ണുരാജ്, വ്യവസായ വകുപ്പ് ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ആനി ജൂലൈ തോമസ്, എക്സിക്യൂട്ടീവ് ഡയറക്ടർ ആർ ഹരികൃഷ്ണൻ, ഭാരത് പെട്രോളിയം സിഎംഡി സഞ്ജയ് ഖന്ന, മൈനിങ് ആൻഡ് ജിയോളജി ഡിപ്പാർട്ട്മെൻറ് ഡയറക്ടർ ഡോക്ടർ കെ ഹരികുമാർ, കിൻഫ്ര എംഡി സന്തോഷ് കോശി തോമസ് തുടങ്ങിയവർ സമീപം.

കൊല്ലത്ത് മെഗാ ഭക്ഷ്യ സംസ്കരണ പാർക്ക് സ്ഥാപിക്കുന്നതിലൂടെ സുഗന്ധവ്യഞ്ജനങ്ങൾ, സമുദ്രോത്പന്നങ്ങൾ, നാളികേര ഉൽപ്പന്നങ്ങൾ, കശുവണ്ടി ഉൽപ്പന്നങ്ങൾ എന്നിവയുടെ മൂല്യവർദ്ധനവിന് ഊന്നൽ നൽകും. ആലപ്പുഴയിൽ മാരിടൈം ആൻറ് മറൈൻ പാർക്കും സ്ഥാപിക്കാൻ പദ്ധതിയുണ്ട്. തിരുവനന്തപുരത്ത് 500 ഏക്കറിൽ മെഡിക്കൽ ബയോടെക് ഹബ്ബും കോട്ടയത്ത് 2,000 ഏക്കറിൽ ചെറുകിട വ്യവസായങ്ങളെ സംയോജിപ്പിച്ചുള്ള മെഗാ ഇൻഡസ്ട്രിയൽ സിറ്റിയും സ്ഥാപിക്കാൻ വിഷൻ 2031 പദ്ധതി രേഖ പ്രാധാന്യം നൽകുന്നു.

റോബോട്ടിക്സ് ഉൽപ്പാദനത്തിലും ഗവേഷണത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന റോബോട്ടിക്സ് പാർക്കും, ജെം ആൻറ് ജ്വല്ലറി പാർക്കും തൃശൂരിൽ സ്ഥാപിക്കും. വയനാട് കോഫി പാർക്കും പാലക്കാട് ഗ്രീൻ അറോറ പാർക്കും വിഷൻ 2031 ൻറെ ഭാഗമാണ്. കൊച്ചി, തിരുവനന്തപുരം എന്നീ നഗരങ്ങളെ പ്രാഥമിക കേന്ദ്രങ്ങളാക്കി ഗ്രീൻ ഹൈഡ്രജൻ വാലി പ്രോജക്റ്റ് 2031-ഓടെ പ്രവർത്തനക്ഷമമാക്കും. സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി വീടുകൾ ബിസിനസ് കേന്ദ്രങ്ങളായി മാറുന്നതിനുള്ള സൗകര്യങ്ങളും ഒരുക്കും.

ചെറുകിട, ഇടത്തരം വ്യവസായങ്ങളെ ശക്തിപ്പെടുത്തുന്നതിനായി ഒരു ലക്ഷം നാനോ-മൈക്രോ സംരംഭങ്ങളെ ലക്ഷ്യമിട്ടുള്ള മിഷൻ ഒരു ലക്ഷം എം.എസ്.എം.ഇ. സ്കെയിലിംഗ് പദ്ധതിയും വ്യവസായ വകുപ്പ് നടപ്പാക്കുന്നുണ്ട്. വ്യവസായ പാർക്കുകളുടെ വികസനത്തിൻറെ ഭാഗമായി 50 കാമ്പസ് വ്യവസായ പാർക്കുകൾ, 100 സ്വകാര്യ വ്യവസായ പാർക്കുകൾ, 25 പ്രവാസി വ്യവസായ പാർക്കുകൾ എന്നിവ സ്ഥാപിക്കും. ഈ സമഗ്രമായ പദ്ധതികളുടെ ഫലമായി കെൽട്രോണിൻറെ വിറ്റുവരവ് 2000 കോടി രൂപയിലെത്തിക്കാനും കഴിയും.

തന്ത്രപരമായ പരിഷ്കാരങ്ങൾ, സമർപ്പിത ഇടനാഴികൾ, നൂതന കേന്ദ്രങ്ങൾ, സുസ്ഥിര വികസന സംരംഭങ്ങൾ എന്നിവയിലൂടെ കേരളത്തെ ഇന്ത്യയുടെ പ്രധാന വ്യവസായ ലക്ഷ്യസ്ഥാനമാക്കി മാറ്റാനുള്ള സമഗ്രമായ കാഴ്ചപ്പാടാണ് വിഷൻ 2031 മുന്നോട്ട് വയ്ക്കുന്നതെന്ന് മന്ത്രി കൂട്ടിച്ചേർത്തു.